# പുരോഗമനസാഹിത്യവും കമ്മ്യൂണിസ്റ്റ് സാഹിത്യവും

കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി

894-8124

സ്റ്റേററ് കമ്മററി
പ്രസിദ്ധീകരണം

Purogamanasahithiavum
Communist Sahithiavum

*(Malayalam)*

**Essays**

894·8124

FIRST PUBLISHED AUGUST 1971

PRINTED AT
DESHABHIMANI PRESS, CALICUT

**Price Rs. 1.50**

PUBLISHERS :

*Communist (Marxist) Party*
*Kerala State Committee*

PC Library & Research Center
4318

# പ്രസ്താവന

"പുരോഗമനസാഹിത്യവും കമ്യൂണിസ്റ്റ് സാഹിത്യവും" എന്ന വിഷയത്തെ ആസ്പദിച്ചു് സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട്, ദേശാഭിമാനി വാരിക റിപ്പബ്ലിക്ക് വിശേഷാൽ പ്രതിയിൽ (1971) എഴുതിയ ലേഖനം നമ്മുടെ സാഹിത്യകാരന്മാരുടെ സജീവമായ ചർച്ചക്ക് വിഷയീഭവിച്ചു. ഈ ചർച്ച തുടങ്ങിയതു് ദേശാഭിമാനി വാരികയിലൂടെയായിരുന്നു. അതു് നമ്മുടെ പുരോഗമനസാഹിത്യത്തെക്കുറിച്ചു് ഉറക്കെ ചിന്തിക്കാൻ അവസരം നൽകി. കഴിഞ്ഞ കാലത്തു് എന്തു സംഭവിച്ചു. ഇടക്കാലത്തു് അതിനു നേരിടേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങൾ എന്തെല്ലാം, അതൊഴിവാക്കാൻ മേലിൽ എന്തുചെയ്യണം, സാഹിത്യത്തെ പൊതുവിലും മലയാളസാഹിത്യത്തെ പ്രത്യേകിച്ചും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വീക്ഷണത്തിലൂടെ സമീപിക്കേണ്ടതെങ്ങനെ തുടങ്ങി ഒട്ടേറെ വിഷയങ്ങളെക്കുറിച്ചു് പഠനം നടത്തുവാൻ ഇപ്പോൾ താല്പര്യം ഉണ്ടായിട്ടുണ്ടു്.

ഇ. എം. എസ്സിന്റെ ലേഖനത്തെക്കുറിച്ചു ദേശാഭിമാനി ആഴ്ചപ്പതിപ്പിൽ നടന്ന ചർച്ചയുടെ ഒരു സമാപനമെന്ന നിലയിലാണ് 1971 മെയ് 27, 28 തീയതികളിൽ ഏലംകുളത്തു നടന്ന സാഹിത്യകാരന്മാരുടെ

ചർച്ചാസമ്മേളനം. അവിടെ ചർച്ചയ്ക്കു് ആധാരമായിരുന്നതു് പുരോഗമനസാഹിത്യവും കമ്യൂണിസ്റ്റ്സാഹിത്യവും എന്ന സഖാവ് ഇ. എം. എസ്സിന്റെ ലേഖനവും സഖാവ് എം. എസ്. ദേവദാസ് അവതരിപ്പിച്ച മറ്റൊരു പ്രബന്ധവുമായിരുന്നു ഇവരണ്ടും ചർച്ചാസമ്മേളനത്തിൽ പൊന്തിവന്ന പ്രധാനപ്പെട്ട അഭിപ്രായങ്ങളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ടു്. മാത്രമല്ല, ചർച്ച ഉപസംഹരിച്ചുകൊണ്ടു് സഖാവ് ഇ. എം. എസ്. ചെയ്ത പ്രസംഗവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇതെല്ലാം കൂടിയാകുമ്പോൾ നമ്മുടെ പുരോഗമനസാഹിത്യരംഗം വളർത്തി പുഷ്ടിപ്പെടുത്തുന്നതിന്നാവശ്യമായ കാഴ്ചപ്പാട് ലഭിക്കുമെന്നാണു് വിശ്വാസം. ഏലങ്കുളം സാഹിത്യചർച്ചയുടെ ഫലമായി പുരോഗമനസാഹിത്യരംഗത്തെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ടു എന്നർത്ഥമില്ല. പക്ഷെ പ്രശ്നങ്ങളെ കുറെക്കൂടി വ്യക്തമാക്കാനും, മാർക്സിസ്റ്റ്സാഹിത്യകാരന്മാർക്കിടയിൽ ഉണ്ടാകേണ്ട ആശയപരമായ ഐക്യത്തെക്കുറിച്ചും, മാർക്സിസ്റ്റിതര സാഹിത്യകാരന്മാരെയും സാഹിത്യകൃതികളെയും എങ്ങിനെ അവർ നോക്കിക്കാണണമെന്നതിനെക്കുറിച്ചും പൊതുവായ ചില ധാരണകളുണ്ടാക്കാനും ഈ സമ്മേളനത്തിനു് കഴിഞ്ഞിട്ടുണ്ടു്.

ഏറനാളുകളായി നിശ്ചലമായ്ക്കിടക്കുന്ന നമ്മുടെ സാഹിത്യരംഗം സജീവമാക്കുന്നതിനും, സാഹിത്യത്തിന്റെതന്നെ ഉദ്ദേശലക്ഷ്യങ്ങൾ സാധിതപ്രായമാക്കുന്നതിനും സഹായകരമായ പച്ചയ്ക്കു് ഈ പുസ്തകം പ്രയോജനപ്പെടുത്തണം.

---

# പുരോഗമനസാഹിത്യവും കമ്യൂണിസ്റ്റ് സാഹിത്യവും

—ഇ. എം. എസ്. നമ്പൂതിരിപ്പാട്

കഴിഞ്ഞ ഏപ്രിൽമാസത്തിൽ തിരുവനന്തപുരത്തു വെച്ച് ലെനിൻ ശതാബ്ദിയാഘോഷിക്കുന്നതിന്റെ ഭാഗമായി നടന്ന ഒരു സാംസ്കാരികസമ്മേളനത്തിൽ സ: ഗൗരീദാസൻനായർ സാഹിത്യ-കലാരംഗങ്ങളിൽ ലെനിനിസ്റ്റ്കാഴ്ചപ്പാടിനെക്കുറിച്ച് ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. "പാർട്ടീസാഹിത്യ"ത്തെക്കുറിച്ച് ലെനിൻ പ്രകടിപ്പിച്ച അഭിപ്രായങ്ങളെ ആസ്പദമാക്കി മലയാളസാഹിത്യത്തെ അവലോകനം

ചെയ്യാനും പുഷ്ടിപ്പെടുത്തുന്നതിന്നുള്ള ചില നിർദ്ദേശങ്ങൾ ഉന്നയിക്കാനുമാണ് അദ്ദേഹം ശ്രമിച്ചതു്.

ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്ന പലരും അദ്ദേഹത്തിന്റെ വാദഗതികളെ എതിർക്കുകയുണ്ടായി. അങ്ങേയററം ചൂടുപിടിച്ച വാഗ്വാദങ്ങൾക്കു് അവ വഴിവെക്കുകയും ചെയ്തു. എന്നാൽ ഈ വാഗ്വാദത്തിനിടക്കു പ്രകടമായിക്കണ്ട വിരുദ്ധചിന്താഗതികളെക്കുറിച്ചു് പൂർണ്ണമായ അഭിപ്രായവിനിമയം നടത്തി വ്യക്തമായ തീരുമാനങ്ങളിലെത്താൻ സമ്മേളനത്തിന്നു സാധിച്ചില്ല.

അത്തരമൊരു സമ്മേളനത്തിന്നു് അതൊട്ടു സാധ്യമാകുകയുമില്ല. കുറെക്കൂടി സവിസ്തരമായി ഈ വാഗ്വാദത്തിൽ പ്രകടമായിക്കണ്ട രണ്ടു ചിന്താഗതികൾ തമ്മിൽത്തമ്മിൽ മാത്രമല്ല അതിലോരോന്നിന്റേയും പക്ഷവാദികൾക്കിടയിൽ തന്നെ അല്പസ്വല്പം വ്യത്യാസങ്ങളുള്ള വിവിധ സമീപനങ്ങൾ തമ്മിലും ആശയവിനിമയം നടത്താൻ വേണ്ടേടത്തോളം സമയമെടുത്തുകൊണ്ടെന്നർത്ഥം—ചർച്ചകൾ സംഘടിപ്പിച്ചാൽമാത്രമേ ഈ തർക്കപ്രശ്നത്തിൽ ആശയശുദ്ധിയുണ്ടാക്കാൻ കഴിയുകയുള്ളു.

അത്തരമൊരു ആശയവിനിമയം ഇനിയെങ്കിലും നടത്താൻ സഹായിക്കുമെന്നുതോന്നുന്ന ഏതാനും അഭിപ്രായങ്ങളാണു് ഇവിടെ കുറിക്കുന്നതു്.

## സ്വല്പം ചരിത്രം

ഈ വാഗ്വാദംതന്നെ മററു രൂപങ്ങളിൽ ഇതിന്നു മുമ്പും നടന്നിട്ടുണ്ടു്. കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രംതന്നെ ഈ വാഗ്വാദത്തിന്റെ ചരിത്രമാണെന്നു് പറഞ്ഞാൽ അതു തെററാവുകയില്ല.

സ: ഗൗരീദാസൻനായർ ഉദ്ദേശിച്ചിരുന്നതായി തോന്നുന്നരീതിയിൽ "പാർട്ടിസാഹിത്യ"മായാണു് പുരോഗമനസാഹിത്യം കേരളത്തിൽ ആദ്യമായി രൂപംകൊണ്ടതു്. അന്നുവരെ സാഹിത്യകാരന്മാരായംഗീകരിക്കപ്പെടാതിരുന്ന കുറെ യുവരാഷ്ട്രീയപ്രവർത്തകരാണു് 1937-ൽ "ജീവൽസാഹിത്യസംഘ"മെന്ന പേരിൽ ഒരു സംഘടനക്കു് ജന്മം നൽകിയതു്.

അതിനു് ഒരുകൊല്ലംമുമ്പു് ലക്നോവിൽവെച്ചു് കൂടിയ "അഖിലേന്ത്യാ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് കോൺഫറൻസി"ന്റെ ആഹ്വാനത്തിൽനിന്നാണു് അവർക്കതിനു പ്രചോദനം കിട്ടിയതു്. പിന്നീടു് (1944) "പുരോഗമനസാഹിത്യസംഘടന"യെന്ന പേരും, അംഗീകരിക്കപ്പെട്ട പല സാഹിത്യകാരന്മാരുടെയും നേതൃത്വവുമംഗീകരിച്ചു് സംഘടനയുടെ രൂപവും ഭാവവും മാറിയെന്നതു നേരുതന്നെ. പക്ഷെ അതിന്റെ ആദ്യരൂപമായ "ജീവൽസാഹിത്യസംഘം" തൊഴിലാളി കർഷക ബഹുജനപ്രസ്ഥാനങ്ങളിൽ അടിയുറച്ചുനില്ക്കുന്ന കമ്യൂണിസ്റ്റു് (അന്നു കോൺഗ്രസ് സോഷ്യലിസ്റ്റ്) പ്രവർത്തകർ തങ്ങളുടെ രാഷ്ട്രീയകാഴ്ചപ്പാടിനൊത്തു ഒരു പുതിയ സാഹിത്യം വളർത്തിയെടുക്കാൻ ശ്രമിച്ചതിന്റെ ഫലമായി രൂപമെടുത്തതാണു്. ഈ ഘട്ടത്തിലെ പുരോഗമനസാഹിത്യത്തിന്റെ സന്തതികളാണു് "പാട്ടബാക്കി", "രക്തപാനം" എന്ന രണ്ടു നാടകങ്ങളും ഒട്ടേറെ ചെറുകഥകളും, കവിതകളും മുതലായ കൃതികളും. ഈ രണ്ടു നാടകങ്ങളെഴുതിയ കെ. ദാമോദരൻ, കവിതകളും കഥകളുമെഴുതിയ ചെറുകാട്ടും, കെ. പി. ജി.യും, അച്യുതക്കുറുപ്പും മറ്റും—ഇവരെല്ലാം ബഹുജനപ്രസ്ഥാനം വളർത്താൻ (അതിനു മാത്രം) സാഹിത്യരചന നടത്തുന്ന അന്നത്തെ യുവസം

ഹിത്യകാരന്മാരായിരുന്നു. "കല കലക്കുവേണ്ടി" എന്ന സിദ്ധാന്തത്തേയും, "സാഹിത്യകാരന്നു് സ്വന്തം അനുഭൂതികളോടല്ലാതെ സമൂഹത്തോടു ഉത്തരവാദിത്വമില്ല" എന്ന വാദഗതിയേയും എതിർത്തും തൊഴിലാളിവർഗസാഹിത്യം രചിക്കാൻ മനഃപൂർവ്വം ശ്രമിച്ചിരുന്നവരാണവർ.

## ജീവൽസാഹിത്യത്തിൽനിന്നു് പുരോഗമനസാഹിത്യത്തിലേക്കു്

1944മാടുകൂടി ഇതിനൊരു മാററംവന്നു. തൊഴിലാളിവർഗസാഹിത്യം രചിക്കുകയെന്ന പ്രഖ്യാപിത ഉദ്ദേശത്തോടുകൂടി സാഹിത്യരംഗത്തു പയററുന്നവരോടൊപ്പം, മററു പ്രപഞ്ചവീക്ഷണങ്ങൾ ഉള്ളക്കൊണ്ടിരുന്ന സാഹിത്യകാരന്മാരും ഈ ഘട്ടത്തിൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തിലേക്കു പ്രവേശിച്ചു. (ഉദാ: എം. പി. പോൾ, മുണ്ടശ്ശേരി മുതലായവർ) എന്നാൽ ഇവരും "കല കലക്കുവേണ്ടി" എന്ന സിദ്ധാന്തത്തെ എതിർത്തു; സാഹിത്യം സോദ്ദേശമായിരിക്കണം, സാമൂഹ്യപുരോഗതിക്കുവേണ്ടിയുള്ളതായിരിക്കണം, എന്ന അതിരുവരെ 1937-ൽ "ജീവൽസാഹിത്യസംഘ"ത്തിന്നു രൂപം നല്കിയവരുമായി അവർ യോജിച്ചു. സമൂഹത്തിൻെറ പുരോഗതി ഏതു മാർഗത്തിലൂടെയായിരിക്കണം, തൊഴിലാളിവർഗനേതൃത്വത്തിലൂടെ മാത്രമേ അതു് നടക്കുകയുള്ളവെന്നുണ്ടോ എന്നു തുടങ്ങിയ കാര്യങ്ങളിലാണു് ജീവൽസാഹിത്യകാരന്മാരുമായി അവർക്കു് വിയോജിപ്പുണ്ടായിരുന്നതു്.

ഈ വിയോജിപ്പുപോലും യോജിച്ചപ്രവർത്തനത്തിന്നു് തടസ്സമാവരുതെന്ന നിർബ്ബന്ധം എല്ലാവർക്കുമുണ്ടായിരുന്നു. അതുകൊണ്ടു് പുരോഗമനസാഹിത്യ

ത്തിന്റേതായ ഒരു പൊതുപരിപാടി അംഗീകരിക്കപ്പെട്ടു. അതനുസരിച്ചുള്ള പ്രവർത്തനത്തിൽ ബഹുജനപ്രസ്ഥാനങ്ങളെ വളർത്താൻ, അതിനുമാത്രം, സാഹിത്യരചന നിർമ്മിക്കുന്ന കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർക്ക് സ്ഥാനമുണ്ട്. എന്നാൽ ഈ നിലപാടംഗീകരിക്കാതെ സമൂഹത്തിന്റെ മുകൾത്തട്ടിനകത്തു നിലനിന്നുവരുന്ന ഏതു മാലിന്യത്തിനും വൃത്തികേടുകൾക്കുമെതിരായി തൂലിക ചലിപ്പിക്കുന്നവർക്കും അതിൽ സ്ഥാനമുണ്ട്. കമ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ സാഹിത്യകാരന്മാർ ചേർന്നുണ്ടാക്കിയ ഒരു പുരോഗമന മുന്നണിയായിരുന്നു അതെന്നർത്ഥം.

ഇതിനെ രാഷ്ട്രീയരംഗത്ത് 1952-ൽ കമ്യൂണിസ്റ്റ് പാർട്ടിയും ആർ. എസ്. പി.യും കെ. എസ്. പി.യും ചേർന്നുണ്ടാക്കിയ ഐക്യമുന്നണി, 1967-ൽ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയും മററു 6 പാർട്ടികളും കൂടിയുണ്ടാക്കിയ മുന്നണി എന്നിവയുമായി താരതമ്യപ്പെടുത്താം. 1937-ൽ രൂപംപൂണ്ട ജീവൽസാഹിത്യസംഘടനയെയാകട്ടെ 1952-ലെ കമ്യൂണിസ്റ്റ്പാർട്ടിയോടും 1967-ലെ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്)പാർട്ടിയോടുമാണ് താരതമ്യപ്പെടുത്തേണ്ടത്. അന്നത്തെ പുരോഗമനസാഹിത്യപ്രസ്ഥാനത്തിലെ കമ്യൂണിസ്റ്റിതരസാഹിത്യകാരന്മാർ 1952-ലും 1967-ലും മുന്നണിയിലുണ്ടായിരുന്ന മററു കക്ഷികളുടെ പങ്കാണ് നിറവേററിയതെന്നു പറയാം.

അതുകൊണ്ട് പിന്നീട് രാഷ്ട്രീയരംഗത്ത് രൂപം കൊണ്ട ഐക്യമുന്നണികളിലെന്നപോലെ 1944-ൽ രൂപംപൂണ്ട പുരോഗമനസാഹിത്യസംഘടനയിലും ആഭ്യന്തരവൈരുദ്ധ്യങ്ങൾ ഉൾവന്നു. അവസാനം

മുന്നണി തകരുകയെന്ന ഘട്ടംവരെ അവ ചെന്നെത്തി. 1944-ൽ രൂപംപൂണ്ട ഐക്യം 1948-ൽ തകന്നു.

## പ്രസക്തമായ ചോദ്യങ്ങൾ

ഈ തകർച്ചക്കുള്ള കാരണമായി കമ്യൂണിസ്റ്റിതര സാഹിത്യകാരന്മാർ ഉന്നയിച്ച മുഖ്യവാദഗതി ഇതായിരുന്നു: "കമ്യൂണിസ്റ്റ്പട്ടാളച്ചിട്ടക്ക് കീഴ്‌വഴങ്ങാൻ ഞങ്ങൾ തയ്യാറില്ല" ഇതിന്റെ തന്നെ രാഷ്ട്രീയരൂപമല്ലേ "മാർക്സിസ്റ്റ്കാരുടെ വല്യേട്ടൻ ചമയൽ" എന്ന വാദഗതി?

ഇങ്ങിനെ സാംസ്കാരിക-രാഷ്ട്രീയരംഗങ്ങളിൽ രണ്ടിലും മുന്നണികൾ രൂപംകൊണ്ടതിന്റെയും തകന്നതിന്റെയും ചരിത്രം പരിശോധിക്കുന്നവക്ക് ഉത്തരംകിട്ടേണ്ട ചില ചോദ്യങ്ങളുണ്ട്:

1) തൊഴിലാളി-കൃഷക ബഹുജനപ്രസ്ഥാനത്തെ ആസ്പദമാക്കി പ്രവത്തിക്കുന്നവരും അല്ലാത്തവരുമായ രാഷ്ട്രീയ-സാംസ്കാരിക പ്രവത്തകന്മാരും തമ്മിൽ ഐക്യമുന്നണിയുണ്ടാക്കുന്നത് ആവശ്യമാണോ? അതോ അത് തൊഴിലാളിവർഗത്തിന്റെ മൗലികതാല്പര്യങ്ങൾക്കെതിരായ വർഗസഹകരണത്തിൽ ചെന്നെത്തുമോ?

2 ഐക്യമുന്നണി അത്യാവശ്യമാണെന്നാണ് ഇതിന്നുത്തരം നൽകുന്നതെങ്കിൽ അതു തകരാതെ നോക്കുന്നതിന്റെ ഉത്തരവാദിത്വം തൊഴിലാളി-കൃഷകവർഗങ്ങളുടെ വീക്ഷണത്തോടെ രാഷ്ട്രീയ—സാംസ്കാരികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവക്കല്ലേ? 1948ൽ പുരോഗമനസാഹിത്യസംഘടനയും, 1952നുശേഷം അന്നത്തെ ഇടതുപക്ഷമുന്നണിയും, 1967നുശേഷം കോൺഗ്രസ്സിതരജനാധിപത്യമുന്നണിയും തകരാനിട

യാക്കിയതു് ആദ്യം അവിഭക്തകമ്യൂണിസ്റ്റ്പാർട്ടിയു ടെയും പിന്നീട്ട് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയു ടെയും സമീപനത്തിൽ കടന്നുകൂടിയ "സെക്ടേറിയ നിസം"മല്ലേ?

3) രാഷ്ട്രീയവും സാംസ്കാരികവുമായ രണ്ടു രംഗ ങ്ങളിലും ഐക്യമുന്നണി തകർന്നുകഴിഞ്ഞ സ്ഥിതിക്കു അതു വീണ്ടും പുനരുദ്ധരിക്കാൻ ശ്രമിക്കുന്നതിന്നു വല്ല അർത്ഥവുമുണ്ടോ?

രാഷ്ട്രീയരംഗത്തായാലും സാംസ്കാരികരംഗത്താ യാലും ശത്രുവർഗങ്ങൾക്കും, അവയുടെ ചിന്താഗതി കൾ, പ്രസ്ഥാനങ്ങൾ എന്നിവക്കും എതിരായി അണി നിരത്താവുന്ന പുരോഗമനശക്തികളെയെല്ലാം അണി നിരത്തുകയെന്നതു് തൊഴിലാളിവർഗവിപ്ലവകാരിക ളുടെ മൗലികമായ സമരതന്ത്രമാണു്.

ബ്രിട്ടീഷുകാർ ഭരണം വിട്ടെറിഞ്ഞു പോകുന്നതു വരെ അവക്കെതിരായി യോജിച്ചു പോരാടാൻ തയ്യാറു ള്ളവരെല്ലാമായി യോജിച്ചു പോരാടുകയെന്നതായി രുന്നു വിപ്ലവകാരികളുടെ സമരതന്ത്രം. ബ്രിട്ടീഷുകാർ ഇന്ത്യവിട്ടതിൽ പിന്നീടാകട്ടെ അവരുടെ സ്ഥാനം ഏറെറടുത്തു ഇന്ത്യൻജനതയുടെമേൽ ചൂഷണമർദ്ദന ങ്ങൾ അടിച്ചേല്പിക്കുന്ന പുത്തൻഭരണമേധാവികൾ ക്കെതിരായി ഏററവും വിപുലമായ ഐക്യമുണ്ടാ ക്കാൻ ശ്രമിക്കുന്നതു് ഇന്ത്യൻ വിപ്ലവത്തിൻെറ വള ർച്ചക്കു് ഒഴിവാക്കാൻ വയ്യാത്ത കടമയായിത്തീർന്നു.

അങ്ങിനെയാണു് കോൺഗ്രസ്സിൻെറ ഭരണക്കുത്ത കക്കെതിരായി വിപുലമായ ജനാധിപത്യഐക്യം കെട്ടിപ്പടുക്കുകയെന്ന മുദ്രാവാക്യം ഉയർന്നുവന്നതു്. ഇതിൻെറ വിജയമാണു് 1952-ലെ ഇടതുപക്ഷഐക്യ

മുന്നണിയും 1967-ലെ കോൺഗ്രസ്സിതരജനാധിപത്യ മുന്നണിയും കുറിക്കുന്നതു്.

ഈ മുന്നണികൾക്കകത്തുതന്നെ തൊഴിലാളിവർഗത്തെ ബോധപൂർവ്വം പ്രതിനിധാനം ചെയ്യുന്ന 1952-ലെ അവിഭക്തകമ്മ്യൂണിസ്റ്റ്പാർട്ടി, അല്ലെങ്കിൽ 1967-ലെ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി ഒരു വശത്തു്, കോൺഗ്രസിന്റെ ഭരണകുത്തകക്കെതിരായി അണിനിരന്ന മറ്റു ബൂർഷ്വാ-പെറ്റിബൂർഷ്വാ പാർട്ടികൾ മറുവശത്തു്—ഈ നിലയിൽ രണ്ടു വിഭാഗങ്ങൾ തമ്മിൽ പല പ്രധാന കാര്യങ്ങളിലും വൈരുദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടാണു് മുന്നണിരൂപീകരണം കഴിഞ്ഞു അധികം താമസിക്കുന്നതിനുമുമ്പുതന്നെ മുന്നണിക്കകത്തു് പൊട്ടലും പിററലും തുടങ്ങിയതു്.

ഇതു വളർന്നുവന്നതിന്റെ ഫലമായി, ആദ്യം (1952-ൽ) കമ്മ്യൂണിസ്റ്റ്പാർട്ടിയുമായി യോജിച്ചു കോൺഗ്രസ്സിനെ എതിർത്ത ആർ. എസ്. പി. യും, കെ. എസ്. പി. യും പിന്നീടു കമ്മ്യൂണിസ്റ്റ്പാർട്ടിക്കെതിരായി കോൺഗ്രസ്സിന്റെ ചേരിയിൽ അണിനിരന്നു; 1959-ൽ നടന്ന കുപ്രസിദ്ധമായ "വിമോചനസമര"ത്തിൽ കോൺഗ്രസിന്റെകൂടെ അവർ നിലയുറപ്പിച്ചു.

ഈ രണ്ടു പാർട്ടികളും മറ്റു ചില പാർട്ടികളും ചേർന്നാണു് പിന്നീടു കമ്മ്യൂണിസ്റ്റ്(മാർക്സിസ്റ്റ്)പാർട്ടി ഉൾക്കൊള്ളുന്ന ഒരു കോൺഗ്രസ്സിതരജനാധിപത്യമുന്നണിക്കു രൂപം നൽകിയതു്.

എന്നാൽ, 1952-നു് ശേഷം അന്നത്തെ ഇടതുപക്ഷ മുന്നണിയിലെന്നപോലെ 1967-ൽ രൂപംപൂണ്ട കോൺഗ്രസ്സിതര ജനാധിപത്യമുന്നണിയിലും വൈരു

ധ്യങ്ങൾ പൊട്ടിപ്പുറപ്പെട്ടു; മുന്നണി തകർന്നു: അതിന്റെ ഘടകകക്ഷികളിൽ ചിലവ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുമായി ചേർന്നു കോൺഗ്രസിനെ എതിർക്കുകയെന്ന നയമുപേക്ഷിച്ച് കോൺഗ്രസുമായി ചേർന്നു കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയെ എതിർക്കുകയും കോൺഗ്രസിന്റെ നേതൃത്വത്തിൽ ഒരു ഗവൺമെണ്ടുണ്ടാക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയുംചെയ്തു,

## ഐക്യം—സമരം—വീണ്ടും ഐക്യം

ഈ സംഭവവികാസങ്ങളൊന്നുംതന്നെ ഐക്യമുന്നണി എന്ന ആശയം തെറ്റാണെന്ന നിഗമനത്തിലേക്കു നമ്മെ ചെന്നെത്തിച്ചിട്ടില്ല, എത്തിക്കുകയില്ല. കുറച്ചുകാലം മുന്നണിയിൽ ഘടകകക്ഷികളായിരുന്ന ചില പാർട്ടികൾ മുന്നണിയെ വഞ്ചിച്ചു ശത്രുചേരിയിൽച്ചേർന്നുവെന്നു മാത്രമേയുള്ളു. ഇവർ മുഴുവൻ മേലിൽ ശാശ്വതമായിതന്നെ ശത്രുചേരിയിൽ ഉറച്ചുനില്ക്കുമെന്നുവന്നാൽപോലും ഇതേവരെ സ്ഥിരമായി ശത്രുചേരിയിൽനിന്നിരുന്നവരിൽ പലരും ആ ചേരിവിട്ടു തൊഴിലാളി-കർഷകസമരഐക്യത്തിൽ പങ്കാളികളാവാൻ തയ്യാറാവുമെന്നതിന് സംശയമില്ല. അതിന്റെ സൂചനകൾ ഇപ്പോൾതന്നെ ധാരാളമുണ്ട്.

അങ്ങിനെ വരുമ്പോൾ പുതുതായി ജനാധിപത്യച്ചേരിയിലേക്ക് വരുന്നവരുമായി യോജിച്ചുപ്രവർത്തിക്കണം; അവരിൽ തൊഴിലാളിവർഗവീക്ഷണമില്ലാത്ത കക്ഷികളും ഗ്രൂപ്പുകളുമായി ആശയപരമായിട്ടുള്ള വൈരുദ്ധ്യങ്ങൾ മറച്ചുവെക്കാതെ, അവരുടെ തെറ്റായ ചിന്താഗതികൾക്കെതിരായി സമരം നടത്തിക്കൊണ്ടുതന്നെ അവരെ മുന്നണിയിൽനിർത്താൻ ശ്രമിക്കണം—ഇതാണ് നമ്മുടെ കാഴ്ചപ്പാട്.

പുരുക്കത്തിൽ, വളവും തിരിവുമില്ലാത്ത, സുഗമവും സുഖകരവുമായ മാർഗത്തിലൂടെ ഐക്യമുന്നണി വളർത്തി ശക്തിപ്പെടുത്തുക; അല്ലെങ്കിൽ ഐക്യമുന്നണിയുടെ ആവശ്യവും പ്രാധാന്യവുമാകെ നിഷേധിച്ച്, തൊഴിലാളിവർഗപാർട്ടി ഒററക്കു മുമ്പോട്ടുപോവുക—ഈ രണ്ടിലേതെങ്കിലുമൊന്നു സ്വീകരിക്കാൻ നമുക്കു സാധ്യമല്ല, ഇതു രണ്ടും ശത്രുവർഗങ്ങളുടെ രാഷ്ട്രീയസമരതന്ത്രത്തെയാണ് വിജയത്തിലെത്തിക്കുക. ആ സമരതന്ത്രത്തെ പരാജയപ്പെടുത്തണമെങ്കിൽ "ഐക്യം—സമരം വീണ്ടും ഐക്യം" എന്ന രീതിയിൽ ഐക്യത്തിലൂടെ സമരവും സമരത്തിലൂടെ ഐക്യവും ശക്തിപ്പെടുത്തുകയെന്ന സമീപനം നാം അംഗീകരിക്കേണ്ടിവരും.

## സാഹിത്യരംഗത്തിലെ ഐക്യവും സമരവും

രാഷ്ട്രീയരംഗത്തു ഈ സമീപനമാണ് തൊഴിലാളിവർഗം അംഗീകരിക്കേണ്ടതെന്നു അവ്യക്തമായിട്ടെങ്കിലും അംഗീകരിക്കുന്നവരാണ് നമ്മളിൽ അധികം പേരും. എന്നാൽ രാഷ്ട്രീയരംഗത്തുമാത്രമല്ല സാംസ്കാരികരംഗത്തും ഇതേ സമീപനമംഗീകരിച്ചാൽ മാത്രമേ—തൊഴിലാളി-കർഷക ബഹുജനപ്രസ്ഥാനത്തെ വളർത്താൻ, അതിനുവേണ്ടി മാത്രം, സാഹിത്യരചന നടത്തുന്നവരുടെ സ്വതന്ത്രമായ നിലനില്പ്; അവരും മററു പുരോഗമനവാദികളായ സാഹിത്യകാരന്മാരും തമ്മിൽ യോജിക്കാവുന്ന കാര്യങ്ങളിൽ യോജിച്ചും മററു കാര്യങ്ങളിൽ എതിർത്തുംകൊണ്ടുള്ള അന്യോന്യബന്ധം എന്നിവ രണ്ടും ഉറക്കൊള്ളിച്ചുകൊണ്ടുള്ള സമീപനമില്ലാതെ—തൊഴിലാളിവർഗ സാഹിത്യമോ പുരോഗമനസാഹിത്യമോ വളരുകയില്ല.

രാഷ്ട്രീയരംഗത്തെന്നപോലെ സാഹിത്യരംഗത്തും 1944-ൽ ഐക്യമുന്നണിയുണ്ടായത് കമ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ സാഹിത്യകാരന്മാർ അന്യോന്യം സഹകരിച്ചു പ്രവർത്തിക്കാൻ തയ്യാറായതിനാലാണ്. എന്നാൽ ഈ സഹകരണത്തിൽതന്നെ ഭാവിസംഘട്ടനങ്ങളുടെ ബീജവും ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ തൊഴിലാളി കർഷക ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചക്കുവേണ്ടിമാത്രം സാഹിത്യരചന നടത്തുന്നവരും, അല്ലാത്തവരുമായ സാഹിത്യകാരന്മാർ തമ്മിൽ, അവർ ഇരുവർക്കും താന്താങ്ങളുടെ കാഴ്ചപ്പാടനുസരിച്ച് സാഹിത്യരചന നടത്താനുള്ള സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട്, രൂപംനല്കിയ ഒരു മുന്നണിയാണത്. മുന്നണിക്ക് രൂപംനൽകിയ സാഹചര്യത്തിൽ മാററംവരുന്നതോടുകൂടി ഈ അന്യോന്യബന്ധത്തിലും മാററം വരാതിരിക്കാൻ വയ്യ; സാഹചര്യങ്ങളിൽ വന്ന മാററം വിലയിരുത്തി, തങ്ങളുടെ പ്രഖ്യാപനമനുസരിച്ചുതന്നെ "സോദ്ദേശ"മായിരിക്കേണ്ട സാഹിത്യരചനയുടെ "ഉദ്ദേശ"മെന്തെന്ന കാര്യത്തിൽ വിരുദ്ധാഭിപ്രായങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ സംഘട്ടനം അനിവാര്യമാകും.

യഥാർത്ഥത്തിൽ ഇതുതന്നെയാണ് നടന്നത്. ദേശീയസ്വാതന്ത്ര്യം, നാട്ടുരാജപ്രദേശങ്ങളടക്കം ഇന്ത്യയിലെല്ലായിടത്തും പാർലമെണ്ടറി ജനാധിപത്യം, മതേതരരാഷ്ട്രീയം, ഭൂനിയമപരിഷ്കാരം മുതലായി പുരോഗമനസാഹിത്യകാരന്മാർ മുഖ്യമായി കണക്കാക്കിയിരുന്നതെല്ലാം സാധിച്ചുകഴിയുകയോ, സാധിക്കുമെന്ന സ്ഥിതിയുളവാകുകയോ ചെയ്തുവെന്ന നിഗമനത്തിലേക്ക് കമ്യൂണിസ്റ്റിതരസാഹിത്യകാരന്മാർ നീങ്ങി. കമ്യൂണിസ്റ്റ് സാഹിത്യകാരന്മാരാകട്ടെ, ഇതിൽ കഠിനമായി വിയോജിപ്പു പ്രകടിപ്പിച്ചു

അങ്ങിനെ, സാഹിത്യത്തിന്റെ "ഉദ്ദേശ"ത്തെക്കുറിച്ചു രണ്ടു ചിന്താഗതികളും രണ്ടു സമീപനങ്ങളും പരസ്പരം ഏറ്റുമുട്ടി. തങ്ങൾക്കു സ്വീകാര്യമല്ലാത്തതു് തങ്ങളുടെ മേൽ വെച്ചുകെട്ടാനാണ് മറുചേരി ശ്രമിക്കുന്നതെന്ന പരാതി ഇരുപക്ഷം അന്യോന്യം ഉണ്ടായി. അങ്ങിനെ പുരോഗമനസാഹിത്യപ്രസ്ഥാനം തകൎന്നു നാമാവശേഷമായി.

## "സെക്ടേറിയൻ" സാഹിത്യസമീപനം?

രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ ഐക്യമുന്നണിയുടെ ഉത്ഭവവും തകൎച്ചയും തമ്മിലുള്ള താരതമ്യപഠനം, അവതമ്മിലുള്ള സാദൃശ്യങ്ങളെ മാത്രമല്ല ഒരു വ്യത്യാസത്തെയും എടുത്തുകാണിക്കുന്നുണ്ടു്. "ഐക്യം—സമരം—ഐക്യം" എന്ന രീതിയിലാണ് മുന്നണി പുരോഗമിക്കേണ്ടതെന്നു്, അനുഭവത്തിന്റെ വെളിച്ചത്തിൽ, അവ്യക്തമായെങ്കിലും അംഗീകരിക്കാൻ (രാഷ്ട്രീയരംഗത്തെന്നപോലെ) സാംസ്കാരികരംഗത്തു് നാം തയ്യാറായിട്ടില്ലെന്നതാണ് ഈ വ്യത്യാസം.

1948-ൽ പുരോഗമനസാഹിത്യസംഘടന തകൎന്നതോടുകൂടി ഇനി മേലിൽ കമ്യൂണിസ്റ്റ്സാഹിത്യകാരന്മാരും, കമ്യൂണിസ്റ്റിതര സാഹിത്യകാരന്മാരും തമ്മിൽ സഹകരിച്ചു പ്രവൎത്തിക്കാനുള്ള സാധ്യതതന്നെ ഇല്ലാതായികഴിഞ്ഞുവെന്ന നിഗമനത്തിലാണു് പലരും ചെന്നെത്തിയതു്.

ഇവരിൽ ചിലർ ഒരു പടികൂടി കടന്നുപോയി. കമ്യൂണിസ്റ്റ്സാഹിത്യകാരന്മാൎക്കു് കമ്യൂണിസ്റ്റുകാരെന്ന നിലക്കു് സാഹിത്യലോകത്തിന്നു് യാതൊരു സംഭാവനയും നൽകാനില്ല. സാഹിത്യത്തെ കമ്യൂ

ണിസ്റ്റെന്നും കമ്യൂണിസ്റ്റിതരമെന്നും വേർതിരിക്കുന്നതു തന്നെ "സെക്റ്റേറിയനിസ"മാണ് എന്നെല്ലാമുള്ള വാദഗതിയിലേക്ക് അവർ നീങ്ങി. ഈ "സെക്റ്റേറിയൻ" നയമനുസരിക്കാൻ 1948-'50ലെ പാർട്ടി നേതൃത്വം മുതിർന്നതിനാലാണ് പുരോഗമന സാഹിത്യ സംഘടന തകർന്നതെന്നും ഇവർ കുററപ്പെടുത്തി.

ഈ വാദഗതി ശരിയാണെങ്കിൽ, 1948-'50 കാലത്തു മാത്രമല്ല 1937-'44 കാലത്തും "സെക്റ്റേറിയൻ"നയമാണ് അന്നത്തെ പാർട്ടിനേതൃത്വം അംഗീകരിച്ചതു്! തൊഴിലാളി-കർഷകബഹുജനപ്രസ്ഥാനത്തിൽ സജീവമായി മുഴുകിയിട്ടുള്ള രാഷ്ട്രീയപ്രവർത്തകന്മാർ, ആ ബഹുജനപ്രസ്ഥാനത്തിന്റെ ഭാഗമായി സാഹിത്യരംഗത്തു കൈവെച്ചുകൊണ്ട് "പാട്ടബാക്കി"യും "രക്തപാന"വും ഒട്ടേറെ ചെറുകഥകളും കവിതകളും രചിച്ചതു് "സെക്റ്റേറിയൻ" ആയിരുന്നു!! 1944-'48 കാലത്തു് പുരോഗമനസാഹിത്യസംഘടനയുടെ ഭാഗമായി സാംസ്കാരികപ്രവർത്തനം നടത്തുമ്പോഴും തന്നെ, തൊഴിലാളി-കൃഷിക ബഹുജനസമരങ്ങളുടേതായ ഉള്ളടക്കത്തോടുകൂടി സാഹിത്യകൃതികൾ രചിച്ചതും "സെക്റ്റേറിയൻ" ആയിരുന്നു!!!

എന്തിനേറെ ഈ വീക്ഷണത്തോടുകൂടി നോക്കിയാൽ "പാർട്ടിസാഹിത്യ"ത്തെക്കുറിച്ചു് പലയിടത്തും പരാമർശങ്ങൾ നടത്തിയ ലെനിനെപോലും "സെക്റ്റേറിയൻ" എന്നു വിശേഷിപ്പിക്കേണ്ടിവരും.

## തിരുത്തിത്തിരുത്തി എവിടെയെത്തി?

അതിരിക്കട്ടെ. "സെക്റ്റേറിയനിസ"ത്തിന്റെ അവസാനാവശിഷ്ടങ്ങൾപോലും ഇല്ലാതാക്കി "പരിശുദ്ധമായ പുരോഗമനസാഹിത്യം" സൃഷ്ടിക്കുകയെന്ന നില

പാടിലേക്കു കമ്യൂണിസ്റ്റ്സാഹിത്യകാരന്മാർ നീങ്ങിയതിന്റെ ഫലമെന്താണു്? പുരോഗമനസാഹിത്യമെങ്കിലും പുരോഗമിച്ചുവോ? അതോ പുരോഗമനസാഹിത്യപ്രസ്ഥാനം---അതിൽ പങ്കാളികളായിരുന്ന കമ്യൂണിസ്റ്റിതരസാഹിത്യകാരന്മാർപോലും—ഉയർത്തിപ്പിടിച്ച "സോദ്ദേശ"സാഹിത്യത്തിന്റെ കൊടിപോലും താഴെ വീഴുകയാണോ ഉണ്ടായതു്?

ഒരു കാലത്തു് സാധാരണ പുരോഗമനസാഹിത്യകാരന്മാർ മാത്രമല്ല, കമ്യൂണിസ്റ്റ്സാഹിത്യകാരന്മാർ കൂടിയായിരുന്ന പലരുടെയും ഇന്നത്തെ സ്ഥിതിയെന്താണു്? ഔദ്യോഗികനിലവാരത്തിലുള്ള അക്കാദമികളും അഖിലേന്ത്യാറേഡിയോവും അനൗദ്യോഗികമായി സിനിമാനിർമ്മാതാക്കളും പ്രസിദ്ധീകരണശാലക്കാരും മുതലായ വിവിധ സ്ഥാപനങ്ങളുടെ ആവശ്യമനുസരിച്ചു് സാഹിത്യരചന നടത്തുക; അതേസമയത്തു് വിപ്ലവ ബഹുജനപ്രസ്ഥാനത്തിന്റെയോ, പാർട്ടിയുടെയോ "പട്ടാളച്ചിട്ട"ക്കു് കീഴ്‌വഴങ്ങാതെ തന്റെ "സർഗാത്മകമായ കഴിവുകൾ" പ്രകടിപ്പിക്കാൻ തനിക്കുള്ള അവകാശം പുരപ്പുറത്തുകയറിനിന്നു് പ്രഖ്യാപിക്കുക—ഈ നിലപാടിലേക്കു് മുൻ കമ്യൂണിസ്റ്റ് സാഹിത്യകാരന്മാരിൽ ഗണ്യമായഭാഗം അധഃപതിച്ചു കഴിഞ്ഞിട്ടില്ലേ? ഇതിന്റെ വിശ്വരൂപമല്ലേ വ്യാപകമായ വിമർശനങ്ങൾക്കു വിധേയമായ "ആധുനികസാഹിത്യ"വും "അത്യന്താധുനിക സാഹിത്യ"വും മറ്റും?

ഒരു കാലത്തു് കമ്യൂണിസ്റ്റ് സാഹിത്യകാരന്മാരായി കരുതപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തിരുന്ന സാഹിത്യകാരന്മാരുടെ ഒരു തലമുറ ഒട്ടുമുക്കാലുമാണു് ഈ രീതിയിലേക്കു് നീങ്ങിയിട്ടുള്ളതു്. അപ്പോൾ അവരെ ഇതിലേക്കു ചെന്നെത്തിച്ച സാഹ

ചര്യമെന്തെന്നു പരിശോധിക്കേണ്ടതുള്ളു്. കമ്യൂണിസ്റ്റു് സാഹിത്യകാരന്മാരുടെ കാര്യമിരിക്കട്ടെ. "സാഹിത്യം സോദ്ദേശമായിരിക്കണം" എന്ന തത്വമംഗീകരിക്കുന്ന കമ്യൂണിസ്റ്റിതര പുരോഗമനസാഹിത്യകാരന്മാരുടെ പോലും കടമയാണെന്നുവരുന്നു. എന്തുകൊണ്ടെന്നാൽ സാഹിത്യകാരനെ സമൂഹത്തിന്നുപരിയാക്കി വാഴിക്കുകയെന്ന പിന്തിരിപ്പൻ സമീപനത്തിലേക്കാണു് ഇവർ നീങ്ങിക്കഴിഞ്ഞിട്ടുള്ളതു്.

## കമ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടെ സംഭാവന

ഈ കാഴ്ചപ്പാടിൽനിന്നുകൊണ്ടു് കഴിഞ്ഞ മുപ്പത്തിമൂന്നു കൊല്ലത്തിലധികം കാലത്തു് കേരളത്തിലെ പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്നുണ്ടായ പുരോഗതിയെ അവലോകനംചെയ്യുമ്പോൾ നാം വ്യക്തമായ ചില നിഗമനങ്ങളിൽ അനിവാര്യമായി ചെന്നെത്തും.

ഒന്നാമത്തു്, തൊഴിലാളി—കർഷക ബഹുജനങ്ങളുടെ വിപ്ലവപ്രസ്ഥാനത്തിൽ അടിയുറച്ചുനിന്നുകൊണ്ടു ആ പ്രസ്ഥാനത്തെ വളത്തി ശക്തിപ്പെടുത്താൻവേണ്ടി മാത്രം സാഹിത്യരചന നടത്താൻ ദൃഢവ്രതമെടുത്ത ഒരു വിഭാഗം (കമ്യൂണിസ്റ്റു്, അല്ലെങ്കിൽ കോൺഗ്രസ് സോഷ്യലിസ്റ്റു്) വിപ്ലവ സാഹിത്യകാരന്മാരാണു് കേരളത്തിൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ബീജാവാപം നടത്തിയതു്.

രണ്ടാമത്തു്, പിന്നീടുള്ള കാലഘട്ടത്തിൽ മററു സാഹിത്യകാരന്മാർ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്നു് മഹത്തായ സംഭാവനകൾ നൽകിയെങ്കിലും അന്നും ഈ കമ്യൂണിസ്റ്റു് സാഹിത്യകാരന്മാർ പുരോഗമന സാഹിത്യപ്രസ്ഥാനത്തിലെ ഒരു മുഖ്യഘടകമായിരുന്നു.

മൂന്നാമത്തു്, ഈ രണ്ടുവിഭാഗം സാഹിത്യകാരന്മാർ തമ്മിലുള്ള ഐക്യം തകന്നപ്പോഴാകട്ടെ, തൊഴിലാളി വർഗസാഹിത്യവും പുരോഗമനസാഹിത്യവും ഒരു പോലെ തകന്നു.

അതുകൊണ്ടു്, പാർട്ടിസാഹിത്യം സംബന്ധിച്ചു് ലെനിൻ ആവിഷ്കരിച്ച മൗലിക സിദ്ധാന്തങ്ങളെ ആസ്പദിച്ചുകൊണ്ടും, തൊഴിലാളി വർഗപാർട്ടിയുടെ പൊതുവായ സാംസ്കാരിക നേതൃത്വത്തിൻകീഴിലും ഒരു തൊഴിലാളി വർഗ (കമ്യൂണിസ്റ്റു്) സാഹിത്യവും വളത്തുന്നതു് പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ തന്നെ വളർച്ചക്കു് ഒഴിവാക്കാൻവയ്യാത്ത ഒരാവശ്യമാണു്.

## ഐക്യത്തിന്റെ സാധ്യതകൾ

അതേ അവസരത്തിൽ, തൊഴിലാളിവർഗനേതൃത്വം പോകട്ടെ, തൊഴിലാളി—കർഷക ബഹുജനങ്ങളുടെ സമരങ്ങളിൽ ഊന്നിനിൽക്കുകയെന്ന സമീപനംപോലും അംഗീകരിക്കാൻ തയ്യാറില്ലാത്ത നിരവധി പുരോഗമനസാഹിത്യകാരന്മാരുണ്ടു്, അവർ പിന്തിരിപ്പൻ ഭരണമേധാവികളുടെ ജനവിരുദ്ധ നിലപാടുകളും വിദേശീയ—ഫ്യൂഡൻ—കുത്തക മുതലാളി സാംസ്കാരത്തിനുമെതിരായി പോരാടാൻ തയ്യാറാണു്. രാഷ്ട്രീയരംഗത്തെന്നപോലെ സാംസ്കാരികരംഗത്തും, ഇത്തരം കമ്യൂണിസ്റ്റിതര പുരോഗമന വാദികളുടെ എണ്ണവും, പുരോഗമന പ്രസ്ഥാനത്തിനകത്തു് അവർക്കുള്ളപങ്കും ഇനി വദ്ധിക്കാനാണു് പോകുന്നതു്. എന്തുകൊണ്ടെന്നാൽ, നമ്മുടെ ഭരണാധികാരികൾ അംഗീകരിച്ചു് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മുതലാളിത്ത രീതിയിലുള്ള ദേശീയ വികസനപരിപാടി മറ്റു രംഗങ്ങളിലെന്നപോലെ സാംസ്കാരിക

രംഗത്തും പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കയാണ്; അവയ്ക്കെതിരായി പല പുതിയ ചലനങ്ങളും ഉണ്ടാകാൻ പോവുകയാണ്.

അങ്ങിനെ 1944—'48 കാലത്തെക്കാൾ എത്രയോ കൂടുതൽ കമ്യൂണിസ്റ്റിതര സാഹിത്യകാരന്മാർ പരിമിതമായതോതിൽ തൊഴിലാളിവർഗത്തിന്റെ നിലപാടുകളെക്കൊള്ളുന്ന സാഹിത്യകാരന്മാരുമായി സഹകരിക്കാൻ തയ്യാറാവുമെന്നതു് നിർവിവാദമാണ്. അവരെയെല്ലാം സഹകരിപ്പിച്ചുകൊണ്ടും, അതേയവസരത്തിൽ പലരും പ്രകടിപ്പിക്കുന്ന തൊഴിലാളി വർഗേതര ചിന്താഗതികളുമായി വിട്ടുവീഴ്ചകളൊന്നും നടത്താതെയും ഒരു വിപുലമായ ജനകീയ ജനാധിപത്യസാഹിത്യം പടുത്തുയർത്താൻവേണ്ട സാഹചര്യങ്ങൾ വളർന്നുവരികയാണ്.

## ദ്വിമുഖ സമരം

അപ്പോൾ, രാഷ്ട്രീയ രംഗത്തെന്നപോലെ സാഹിത്യരംഗത്തും, ഒരുവശത്തു് തൊഴിലാളിവർഗ വീക്ഷണത്തിന്റെ പരിശുദ്ധതക്കു് കറപുരളാതെ, അന്യ വർഗ ചിന്താഗതികളെ നിർദ്ദയം തുറന്നുകാട്ടാൻ കഴിവുള്ള ഒരു തൊഴിലാളിവർഗ സാഹിത്യം, തൊഴിലാളിവർഗ പാർട്ടിയുടെ സാംസ്കാരിക നേതൃത്വത്തിൽ, ഉയർന്നുവരണം; ഇതിനെ ഏതുപേരിൽ തടയുന്ന സമീപനംവന്നാലും അതിനെ ഫലപ്രദമായെതിർക്കാൻ പാർട്ടിയും പാർട്ടിയുടെ സാഹിത്യകാരന്മാരും തയ്യാറാവണം.

മറുവശത്താകട്ടെ, തൊഴിലാളിവർഗ വീക്ഷണമില്ലാത്തതെങ്കിലും വിദേശീയ-ഫ്യൂഡൽ-കുത്തക മുതലാളി പ്രമാണിമാരുടെ മേധാവിത്വത്തിന്നെതിരായി

പരിമിതമായതോതിലും, ഭാഗികമായ രീതിയിലുമാണെങ്കിലും എത്തിക്കാൻ തയ്യാറുള്ള പുരോഗമനസാഹിത്യകാരന്മാർ നമ്മുടെയിടയിലുണ്ടെന്നും, അവരുമായി സഹകരിക്കുന്നതു് തൊഴിലാളി-കർഷക സാംസ്കാരികനവോത്ഥാനത്തെത്തന്നെ സഹായിക്കുമെന്നും മനസ്സിലാക്കണം; ഇതിന്നു തടസ്സംനിൽക്കുന്ന സെക്ടേറിയൻ ചിന്താഗതികളെയും എതിർത്തുതോല്പിക്കണം.

രാഷ്ട്രീയരംഗത്തെന്നപോലെ സാഹിത്യരംഗത്തും ഇത്തരമൊരു ദ്വിമുഖസമരം നടത്തുന്നതു് എളുപ്പമുള്ള ജോലിയല്ല. പാർട്ടിയുടെ നേതൃത്വമംഗീകരിക്കുന്ന സാംസ്കാരിക പ്രവർത്തകന്മാരും പാർട്ടിയുടെ രാഷ്ട്രീയ നേതൃത്വവും അനുസൂത്യം അഭിപ്രായ വിനിമയം നടത്തുക; സാഹിത്യ കൃതികളുടെ അനുവാചകർ, മററു സാംസ്കാരിക കൃതികളുടെ കാണികളും ആസ്വാദകരും എന്നിവരുമായി നിരന്തര സമ്പർക്കം പുലർത്തുക ഇതു രണ്ടും ചെയ്താൽ മാത്രമേ ഈ ജോലി തൃപ്തികരമായി നിറവേററാൻ കഴിയുകയുള്ളു. എന്തുകൊണ്ടെന്നാൽ, തികച്ചും ആത്മനിഷ്ഠമായ ഒരു ഘടകവും, വസ്തുനിഷ്ഠഘടകങ്ങളുടെ കൂട്ടത്തിലുൾപ്പെടുത്തേണ്ട മറെറാന്നും—സാംസ്കാരിക പ്രവർത്തകന്റെ വ്യക്തിപരമായ പ്രതിഭ, അയാൾ അംഗമായ സമൂഹത്തിന്റെ പുരോഗതിക്കാധാരമായ ഭൗതികസാഹചര്യങ്ങളും അതിൽനിന്നുളവാകുന്ന പുതിയ സാമൂഹ്യ ചലനങ്ങളും എന്നിവ രണ്ടും—പരസ്പരം പൊരുത്തപ്പെടുത്തിയാൽ മാത്രമേ ഇതു നടക്കുകയുള്ളു.

ഇവിടെയാണു് വളരെയേറെ കൊട്ടിഘോഷിക്കപ്പെടുന്ന സാംസ്കാരിക പ്രവർത്തകന്റെ നിർമ്മാണസ്വാതന്ത്ര്യം. അയാളെ "പട്ടാളച്ചിട്ട"ക്കു വിധേയനാക്കുന്ന പാർട്ടിയുടേയോ സ്ഥാപനത്തിന്റേയോ സ്വച്ഛാധി

പത്യം മുതലായവയെക്കുറിച്ചു് ചില വസ്തുതകൾ എടുത്തുപറയേണ്ടിവരുന്നതു്.

## സാഹിത്യകാരനും സാമൂഹ്യച്ചുററുപാടുകളും

സാഹിത്യകാരന്റെ സർഗ്ഗാത്മകനിർമ്മാണം വ്യക്തിനിഷ്ഠമാണെന്ന കാര്യത്തിൽ തർക്കമില്ല. ആനിലക്കു്, പ്രതിഭാശാലികളായ സാഹിത്യകാരന്മാർക്കു് വ്യക്തിസ്വാതന്ത്ര്യം അനപേക്ഷണീയമാണു്. —ഇതാണു് എടുത്തുപറയേണ്ട ആദ്യത്തെ മുഖ്യവസ്തുത.

അതേയവസരത്തിൽ, എത്ര പ്രതിഭാശാലിയായ വ്യക്തിയും താനംഗമായ സമൂഹത്തിന്റെ സൃഷ്ടിയാണു് ആ സമൂഹം വളർത്തിയുണ്ടാക്കുന്ന "സാമൂഹ്യമനസ്സാക്ഷി"യുടെ ഒരു ഭാഗമാണു്. ഈ "സാമൂഹ്യമനസ്സാക്ഷി"യുടെ ഏതെങ്കിലും ഒരംശമോ കൂടുതൽ അംശങ്ങളോ സത്യസന്ധമായി പ്രതിഫലിപ്പിക്കാനുള്ള കഴിവാണു് പ്രതിഭാശാലിയായ ഏതു സാഹിത്യകാരനേയും പൊതുജനപ്രീതിക്കു് വിധേയനാക്കുന്നതു്. അതായതു് സാമൂഹ്യജീവിതത്തിന്നും, സാമൂഹ്യമായ വിചാരവികാരങ്ങൾക്കും സ്വയം കീഴ്പ്പെടുത്തിക്കൊണ്ടു് സാഹിത്യരചന നടത്താൻ കഴിവുള്ളവരാണു് ഏററവും നല്ല സാഹിത്യകാരന്മാരായിത്തീരുന്നതു്. —ഇതാണു് രണ്ടാമത്തെ വസ്തുത.

ഇങ്ങനെ "സാമൂഹ്യമനഃസാക്ഷി"യെ പ്രതിഫലിപ്പിക്കുന്നതു് ചില പ്രതിഭാശാലികളെ സംബന്ധിച്ചേടത്തോളം ബോധപൂർവ്വമായിരിക്കില്ല. സാഹിത്യം സോദ്ദേശമായിരിക്കണമെന്നെങ്കിലും പറയാൻ തയ്യാറില്ലാത്ത സാഹിത്യകാരന്മാരിൽ ഉത്തമകൃതി രചിച്ചി

ട്ടുള്ളവരെല്ലാംതന്നെ ബോധപൂർവ്വമായിട്ടല്ലാതെ സാമൂഹ്യമനഃസാക്ഷിയെ പ്രതിനിധാനം ചെയ്യാൻ ശ്രമിച്ചവരായിരുന്നു. ഇതിൻെറ നിരവധി ഉദാഹരണങ്ങൾ മാർക്സിൻെറയും എംഗൽസിൻെറയും ലെനിൻെറയും കൃതികളിൽ എടുത്തുപറഞ്ഞിട്ടുണ്ട്. ഇങ്ങിനെ സാധാരണ പ്രതിഭാശാലികൾ ചെയ്യുന്നതുപോലെ ബോധപൂർവ്വമായിട്ടല്ലാതെ സാമൂഹ്യമനഃസാക്ഷിയെ പ്രതിനിധാനം ചെയ്യാനല്ല, ബോധപൂർവ്വം തന്നെ അങ്ങിനെ ചെയ്യാനാണ് കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർ ശ്രമിക്കേണ്ടത്. ഇതാണ് പാർട്ടിസാഹിത്യം സംബന്ധിച്ച് ലെനിൻ നടത്തിയ പരാമർശങ്ങളുടെ അർത്ഥം.

അപ്പോൾ സാമൂഹ്യമനഃസാക്ഷിയുടെ ഏററവും ഉയന്നരൂപമായ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വീക്ഷണം, തൊഴിലാളി കഷ്ക ബഹുജനങ്ങളുടെ പ്രസ്ഥാനവുമായി നിരന്തരവും അടുത്തതുമായ ബന്ധം; ഇവരണ്ടിൻെറയും അടിസ്ഥാനത്തിൽ പ്രസ്ഥാനം വളർത്താൻ വേണ്ടി ബോധപൂർവ്വം സാഹിത്യകൃതികൾ രചിക്കാനുള്ള സന്നദ്ധത—ഇതൊന്നും പ്രതിഭാശാലിയായ ഒരു സാഹിത്യകാരൻെറ വ്യക്തിസ്വാതന്ത്ര്യത്തെ നശിപ്പിക്കുകയില്ല. നേരെമറിച്ച്, വ്യക്തിസ്വാതന്ത്ര്യവും പ്രതിഭയും വളർത്തി ഏററവും ഉത്തമമായ കൃതികൾ രചിക്കാൻ അയാൾക്ക് കഴിവുണ്ടാക്കുകയാണ് ഇതെല്ലാം ചെയ്യുക.

## പാർട്ടിയുടെ കടമ

അതേയവസരത്തിൽ പാർട്ടിസാഹിത്യം, പാർട്ടിസ്പിരിട്ട്, പാർട്ടി അച്ചടക്കം എന്നെല്ലാമുള്ള കാര്യങ്ങളെക്കുറിച്ച് ലെനിൻ നടത്തിയ പരാമർശങ്ങൾ യാന്ത്രികമായും അക്ഷരാർത്ഥത്തിലും വ്യാഖ്യാനിക്കാൻ

പാർട്ടി പുറപ്പെടുകയാണെങ്കിൽ അതു് ഉത്തമകൃതികളുടെ രചനക്കും തന്മൂലം പാർട്ടിസാഹിത്യത്തിന്റെ വളർച്ചക്കുതന്നെയും ദോഷമാണു് ചെയ്യുക.

മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വീക്ഷണമുൾക്കൊള്ളണം, ബഹുജനപ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുകയും അവയിൽനിന്നു ആവേശമുൾക്കൊള്ളുകയും ചെയ്യണം, തന്റെ കൃതികളുടെ ഗുണദോഷവിമർശനങ്ങളിൽ ഉന്നതനിലവാരത്തിലുള്ള പണ്ഡിതന്മാരുടെ തന്നെപോലെ സാധാരണക്കാരായ ബഹുജനങ്ങളുടെയും അഭിപ്രായങ്ങൾക്കു് വിലകല്പിക്കണം—ഇത്രയും നിബന്ധനകൾ ഓരോ കമ്യൂണിസ്റ്റ്സാഹിത്യകാരനും നിർബന്ധമായംഗീകരിച്ചേ കഴിയൂ.

ഇത്രയും അംഗീകരിക്കുന്ന സാഹിത്യകാരന്മാരുടെ സർഗാത്മകപ്രവർത്തനത്തിലാകട്ടെ, (മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വീക്ഷണത്തോടും ബഹുജനപ്രസ്ഥാനങ്ങളുടെ നാഡീസ്പന്ദനത്തോടും പൊരുത്തപ്പെടുന്നതാണോ എന്ന അർത്ഥത്തിൽ അവരുടെ രചനകളെ വിമർശിക്കുകയെന്നതൊഴിച്ചു്) പാർട്ടിയോ മറേറതെങ്കിലും സംഘടനകളോ ഇടപെടുകയുമരുതു്.

ഇതാണു് തൊഴിലാളിവർഗസാഹിത്യത്തിന്റെ, അല്ലെങ്കിൽ പാർട്ടിസാഹിത്യത്തിന്റെതന്നെ സ്ഥിതിയെങ്കിൽ, കൂടുതൽ വിശാലമായ പുരോഗമനസാഹിത്യത്തിന്റെ സ്ഥിതി പറയാനുമില്ല. തൊഴിലാളിവർഗവീക്ഷണമംഗീകരിക്കാത്ത പുരോഗമനസാഹിത്യകാരന്മാരുടെ കൃതികളോടും പാർട്ടിക്കുള്ള സമീപനം സൃഷ്ടിപരമായ വിമർശനത്തിന്റേതായിരിക്കണം. ജനാധിപത്യപ്രസ്ഥാനത്തെ സഹായിക്കുന്നിടത്തോളം അവരുടെ കൃതികളെ വിലമതിക്കുകയും ആദരപൂർവം അംഗീകരിക്കുകയും ചെയ്യുക, അതോടൊപ്പം അവയി

ലുള്ള കറവുകളെ നിർഭയവും സ്നേഹപൂർവവുമായനിലയിൽ വിമർശിക്കുക—ഇങ്ങിനെ അവരിൽനിന്നു് നേടാവുന്ന സേവനം പരമാവധി ഉപയോഗപ്പെത്താനാണു് പാർട്ടി ശ്രമിക്കേണ്ടതു്. ശക്തനായ വർഗശത്രുവിന്നെതിരായി കഴിയുന്നത്ര ബന്ധുക്കളെ സമ്പാദിക്കുകയെന്ന രാഷ്ട്രീയസമരതന്ത്രം സാംസ്കാരികരംഗത്തും പ്രയോഗത്തിൽ വരുത്തണമെന്നർത്ഥം.

# കമ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടെ കാഴ്ചപ്പാടും കടമകളും

—എം. എസ്. ദേവദാസ്



സാഹിത്യം—അതിന്റെ എല്ലാ രൂപഭാവങ്ങളിലും—മനുഷ്യരുടെ യഥാർത്ഥ ജീവിതത്തിന്റെ ആശയപരവും സാങ്കല്പികവും വൈകാരികവുമായ പ്രതിഫലനമാണ്. യഥാർത്ഥ ജീവിതത്തിൽ നിന്നും തികച്ചും വ്യതിരിക്തമായി, സ്വതന്ത്രമായി, കേവലവും

നിർഗ്ഗുണവുമായ ഒരു പരബ്രഹ്മത്തിൻെറമട്ടിൽ, ഒരിക്കലും ഒരിടത്തും ഒരു സാഹിത്യവും ഉണ്ടായിട്ടില്ല. നേരെമറിച്ച്, ആളുകളുടെ ഈ യഥാൎത്ഥ ജീവിതംതന്നെയാണ് എപ്പോഴും എവിടെയും സർവ്വവിധ സാഹിത്യത്തിൻെറയും ഉറവിടം. ഭൗതികവീക്ഷണത്തിൽ അധിഷ്ഠിതമായ ഈ കാഴ്ചപ്പാട് എല്ലാത്തരം ദന്തഗോപുരചിന്താഗതികളെയും എതിൎക്കുന്നു; അവയ്ക്ക് അത് ഏററവും ആവശ്യമായ ഒരു മറുമരുന്നുമാണ്.

ഇതേ കാര്യംതന്നെയാണ് മറെറാരു വിധത്തിൽ മാർക്സിസം—ലെനിനിസത്തിൻെറ "അടിത്തറ, മേല്പുര" എന്ന വിശകലനത്തിലും അടങ്ങിയിട്ടുള്ളത്. അതനുസരിച്ച് മനുഷ്യസമുദായത്തിന് അതിൻെറ വളൎച്ചയുടെ ഓരോ ഘട്ടത്തിലുമുള്ള "അടിത്തറ" മനുഷ്യരുടെ ഭൗതിക സാമ്പത്തിക ജീവിതമാണ്. എന്നാൽ മനുഷ്യജീവിതത്തിൻെറ ഭൗതികമായ ഈ അടിത്തറയ്ക്കുമുകളിൽ, അതിൽ ഓരോഘട്ടത്തിലുമുണ്ടാവുന്ന ചരിത്രപരമായ മാററങ്ങൾക്കും പരിവൎത്തനങ്ങൾക്കും അനുരൂപമായവിധം, മനുഷ്യർ തങ്ങൾക്കാവശ്യമുള്ള ആശയലോകത്തിൻെറ ഒരു "മേല്പുര" (അല്ലെങ്കിൽ, ഒരു മണിസൗധം) കൂടി കെട്ടിപ്പൊക്കുന്നുണ്ട്. ആളുകൾ വിവിധഘട്ടങ്ങളിൽ സൃഷ്ടിച്ച് സ്വീകരിച്ചിട്ടുള്ള മതങ്ങളും മതാചാരങ്ങളും രാഷ്ട്രീയ സംഘടനകളും ഭരണസംവിധാനങ്ങളും, നിയമവും നീതിന്യായവും, സാഹിത്യവും കലകളുമൊക്കെ സമുദായത്തിൻെറ ഭൗതികജീവിതത്തെ ഭിന്നരൂപങ്ങളിൽ പ്രതിഫലിപ്പിച്ചുകാട്ടുന്ന ഈ ആശയലോകത്തിൻെറ മേല്പുരയാണ്; മറെറാന്നുമല്ല.

ആശയങ്ങൾക്കുതന്നെയുള്ള മൗലികമായ അടിസ്ഥാനം ഭൗതികമാണെന്നുള്ളതുകൊണ്ട് അവയ്ക്ക് തനതാ

യുള്ള പുരോഗമനപരമോ യാഥാസ്ഥിതികമോ ആയ ശക്തിവിശേഷത്തെ മാർക്സിയൻ ഭൗതികവാദം ഒരിക്കലും നിഷേധിക്കുന്നില്ല: നേരെമറിച്ചു്, സാഹിത്യമുൾപ്പെടെയുള്ള ആശയമണ്ഡലസൗധത്തിന്റെ അടിത്തറ ഭൗതികമാണെങ്കിൽക്കൂടി, ഒരിക്കൽ ആശയലോകം മേലോട്ടുയർന്നുകഴിഞ്ഞാൽ പിന്നെ അതു് അതിന്റെ അടിത്തറയിന്മേൽ ഇങ്ങോട്ടും വളരെ സ്വാധീനം ചെലുത്തുകയും, അങ്ങിനെ സാമൂഹ്യപുരോഗതിയെ ത്വരിപ്പിക്കാനോ തടഞ്ഞുനിർത്താനോ സഹായിക്കുകയും ചെയ്യും. ഇതു് ചരിത്രപരമായ ഭൗതികവാദത്തിന്റെ സാമൂഹ്യവീക്ഷണമാണു്.

സാമൂഹ്യജീവിതത്തിൽ അപ്പോൾ സാഹിത്യവും കലകളും മറ്റും വഹിക്കുന്ന ആശയപരമായ പങ്കു് അങ്ങേഅറ്റം പ്രധാനമാണു്. മാർക്സിസം-ലെനിനിസം ഈ പങ്കിന്റെ പ്രാധാന്യത്തെ ഒരിക്കലും താഴ്ത്തിക്കെട്ടുന്നില്ല; മറിച്ചു്, അതിനെ ഉയർത്തിപ്പിടിക്കുകയാണു് ചെയ്യുന്നതു്. കഴിവുറ്റ സാഹിത്യകാരന്മാർ തങ്ങളുടെ കൃതികളിലൂടെ ആവിഷ്കരിക്കുന്ന ചേതോഹരമായ ചിന്തകൾക്കും സങ്കല്പങ്ങൾക്കും പ്രത്യക്ഷമായും പരോക്ഷമായും വമ്പിച്ച വശ്യശക്തിയുണ്ടു്; അവയ്ക്കു് സാമൂഹ്യപുരോഗതിയെ അനുകൂലമായോ പ്രതികൂലമായോ സ്വാധീനിക്കുവാൻ സാധിക്കുന്നു. ഇതിനു് ഏതൊരു രാജ്യത്തിന്റെയും സാഹിത്യചരിത്രം തെളിവാണു്. എങ്കിൽക്കൂടി, അവസാനവിശകലനത്തിൽ, എല്ലാ സാഹിത്യത്തിന്റെയും മൗലികമായ ഉറവിടം മനുഷ്യരുടെ ത്രസിക്കുന്ന ജീവിതമാണു്, മിഥ്യാസങ്കല്പങ്ങളല്ല.

കമ്യൂണിസ്റ്റ്സാഹിത്യകാരന്മാർ സാഹിത്യരംഗത്തു് അവശ്യം കൈക്കൊള്ളേണ്ട പൊതുകാഴ്ചപ്പാ

ടിന്റെ മറ്റൊരു സുപ്രധാനഭാഗമാണ് വർഗവീക്ഷണം. ഇതൊരു സെക്ടേറിയൻ ചിന്താഗതിയൊന്നുമല്ല. പ്രത്യുത, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ബോധത്തിന്റെ ഒരനുപേക്ഷണീയഘടകമാണ്. ഇതു് യാന്ത്രികമായി മനസ്സിലാക്കരുതെന്നുമാത്രം.

പ്രാചീനസമുദായത്തിൽ സ്വകാര്യസ്വത്തുസമ്പ്രദായവും, അതോടൊപ്പം ചൂഷകരെന്നും ചൂഷിതരെന്നുമുള്ള ധനിക-ദരിദ്രവർഗങ്ങളുടെ വ്യക്തമായ വേർതിരിവും ചരിത്രപരമായി ആവിർഭവിച്ചതിനുശേഷമാണ് മനുഷ്യന്റെ ഉൽകൃഷ്ടമായ സംസ്കാരവും സാഹിത്യവും ജ്ഞാനവിജ്ഞാനങ്ങളുമൊക്കെ ഏഷ്യയിലും യൂറോപ്പിലും വളർന്നുവന്നിട്ടുള്ളതു്. അന്നുതൊട്ടു ഇന്നുവരെയുള്ള മാനവരാശിയുടെ ചരിത്രം ലോകത്തിലെല്ലായിടത്തും ഒളിഞ്ഞും തെളിഞ്ഞും ഉള്ള വർഗസമരങ്ങളുടെ ചരിത്രമാണെന്നു നമുക്കറിയാമല്ലോ. കാവ്യനാടകങ്ങളും വേദാന്തവും കലകളും ആത്മീയതത്വചിന്തകളുമെല്ലാം ഈ സാമൂഹ്യവൈരുദ്ധ്യങ്ങൾക്കതീതമായിട്ടല്ല "ഓം ശാന്തി: ശാന്തി" എന്നു് ദീർഘകാലം ഉരുക്കഴിച്ചുപോന്ന ഇന്ത്യയിൽപ്പോലും പരിപുഷ്ടമായതു്. പിന്നെയോ? ന്യൂനപക്ഷമായ മേൽജാതിക്കാർക്കു് (അല്ലെങ്കിൽ, ഉപരിവർഗങ്ങൾക്കു്) കീഴ്ജാതിക്കാരായ ബഹുജനങ്ങളെ എല്ലാവിധത്തിലും അടിമത്തത്തിൽ ഒതുക്കിനിർത്താൻ പര്യാപ്തമായ സാംസ്കാരികോപകരണങ്ങളെന്നനിലയ്ക്കാണ്.

എല്ലാ സാഹിത്യവും, അപ്പോൾ വർഗസാഹിത്യമാണ്. സമുദായത്തിൽ വർഗങ്ങൾ ഉത്ഭവിച്ച നാൾതൊട്ടു ഇന്നേദിവസംവരെ ഏതു രാജ്യത്തും അതു് വർഗസമരത്തിനുള്ള ആയുധമായിട്ടു പ്രവർത്തിച്ചിട്ടുള്ളു ഇത്രമാത്രം പറഞ്ഞാൽ പോരാ, ഓരോ സമുദാ

യത്തിലും അതാതു കാലഘട്ടത്തിലെ മേധാവിവർഗത്തിൻെറ—അല്ലെങ്കിൽ, സമരംചെയ്തുകൊണ്ടു് മേധാവിത്വത്തിലേക്കുയർന്നുവരുന്ന മറെറാരു വർഗത്തിൻെറ — ഉപകരണമെന്ന നിലക്കു സാഹിത്യം ഉണ്ടായിട്ടുള്ളവെന്നുകൂടി പറയണം. എല്ലാ സാഹിത്യവും പ്രായേണ വർഗമേധാവിത്വത്തിന്നുള്ള സാംസ്കാരികസജ്ജീകരണമാണെന്നു ചുരുക്കം. ഏഷ്യാററിക്കു് വ്യവസ്ഥ, യൂറോപ്യൻ അടിമത്തവ്യവസ്ഥ, യൂറോപ്യൻ ഫ്യൂഡലിസം, ഇന്ത്യയിലെ ജാതി-ജന്മി-നാടുവാഴിസമുദായം, ലോകവ്യാപകമായ ഇന്നത്തെ മുതലാളിത്തസമുദായം—ഇവകളിലെല്ലാം അതാതിൻെറ ചുക്കാൻ പിടിക്കുന്ന പ്രഭുവർഗങ്ങൾക്കുള്ള സാഹിത്യമാണു് ഏറിയകൂറും രചിക്കപ്പെട്ടിട്ടുള്ളതു്. വ്യാസനും, ഹോമറും കാളിദാസനും, ഷേക്സ്പിയറും തൊട്ടു് ഇന്നത്തെ നിരവധി ബൂർഷ്വാ സാഹിത്യകാരന്മാർവരെയുള്ളവരുടെയെല്ലാം അസംഖ്യം കൃതികൾ ഇതിന്നു് സാക്ഷ്യം വഹിക്കുന്നു.

ഇവർ സൃഷ്ടിച്ചിട്ടുള്ള സാഹിത്യപരവും ആശയപരവുമായ പൈതൃകത്തിൻെറ മേന്മ നാം നിഷേധിക്കുന്നില്ല. ഇവർ ബോധപൂർവ്വം ഭരണാധികാരിവർഗത്തിൻെറ കിങ്കരന്മാരായും പിണിയാളുകളായും പ്രവർത്തിച്ചു എന്നു പറയുന്നതും തെററായിരിക്കും.

രാജാക്കന്മാർ, ആഢ്യപ്രഭുക്കന്മാർ, മുതലാളിമാർ തുടങ്ങിയ ചൂഷകവർഗങ്ങളെ ഒരളവിലോളം വിമർശിച്ചു് തുറന്നുകാട്ടുന്നതും അക്കൂട്ടരുടെ മർദ്ദനത്തിൻകീഴിൽ മനുഷ്യർ പൊതുവെ അനുഭവിക്കുന്ന ദൈന്യത്തെ ഒരളവിലോളം സഹതാപത്തോടുകൂടി ചിത്രീകരിക്കുന്നതുമായ എത്രയോ ഭാഗങ്ങൾ പഴയ പുരാണേതിഹാസങ്ങളിലെന്നപോലെ ഇന്നത്തെ ബൂഷ്വാ നോവലുകളിലും ചില കവിതകളിലും നാം കാണുന്നുണ്ടു്.

പക്ഷെ, ഇതിൽനിന്നു് തെളിയുന്നതു്, വർഗാധിപത്യവും വർഗവൈരുധ്യങ്ങളും സഹസ്രാബ്ദങ്ങളായി നിലനിന്നുപോന്ന (ഇപ്പോഴും നിലനില്ക്കുന്ന) സാമൂഹ്യയാഥാർത്ഥ്യങ്ങളാണെന്നാണു്; സാമൂഹ്യയാഥാർത്ഥ്യങ്ങൾക്കു് ബിംബനം നൽകുക എന്നതു എക്കാലത്തും സാഹിത്യത്തിന്റെ ഒരു ധർമ്മമാണെന്നുമാത്രമാണു്. സാഹിത്യമാകെ മൊത്തത്തിൽ ഏതാതു ചരിത്രഘട്ടത്തിലെ മേധാവിവർഗത്തിന്റെ (അല്ലെങ്കിൽ, മേധാവിത്വത്തിലേക്കുയർന്നുവരുന്ന വർഗത്തിന്റെ) ആശയപരമായ ഒരുപകരണമാണെന്നും ഇതുവരെയുണ്ടായ എല്ലാ സാഹിത്യവും വർഗസാഹിത്യമാണെന്നും ഉള്ള നിഗമനത്തിന്നു് ഇതൊന്നും അപവാദമാകുന്നില്ല.

വർഗസമരം, അപ്പോൾ സാമ്പത്തികരംഗത്തും രാഷ്ട്രീയരംഗത്തും മാത്രമല്ല നടക്കുക. ആശയങ്ങളുടേയും സംസ്കാരത്തിന്റേയും മണ്ഡലങ്ങളിലും അതു നടന്നേ കഴിയൂ. സാഹിത്യം വർഗസമരത്തിന്റെ സുപ്രധാന രംഗമാണു്, അതിന്നുള്ള ആയുധവുമാണു്,

കമ്യൂണിസ്റ്റു് സാഹിത്യകാരന്മാർക്കു് മാർക്സിസ്റ്റു്-ലെനിനിസ്റ്റു് അടിസ്ഥാനത്തിൽ സാഹിത്യരംഗത്തു അവശ്യം ഉണ്ടായിരിക്കേണ്ട പൊതുവായ കാഴ്ചപ്പാടാണു് ഇതുവരെ മുകളിൽ വിവരിച്ചതു്. ഇനി ആ കാഴ്ചപ്പാടു് നമ്മുടെ നാട്ടിലും നാട്ടുകാർക്കിടയിലും നാടിന്റെ ഇന്നത്തെ ചരിത്രഘട്ടത്തിലും ഉള്ള സമൂർത്ത സാഹചര്യങ്ങളിൽ എങ്ങിനെ പ്രയോഗത്തിൽ കൊണ്ടുവരണം എന്നതാണു് പ്രശ്നം, ഇതോടുകൂടി രണ്ടുമൂന്നു് ചോദ്യങ്ങൾ സ്വാഭാവികമായി നമ്മുടെ മുമ്പിലുയരുന്നുണ്ടു്. ഒന്നാമത്തെ ചോദ്യം: കമ്യൂണിസ്റ്റു് സാഹിത്യകാരന്മാർ ആർക്കുവേണ്ടി, ഏതുവർഗ്ഗത്തിനുവേണ്ടി എഴുതണം? എന്നുവെച്ചാൽ, ഏതായിരിക്കണം കമ്യ

ണിസ്റ്റ് എഴുത്തുകാരുടെ അനുവാചകസദസ്സ്? രണ്ടാമത്തെ ചോദ്യം: കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർ എങ്ങിനെ എഴുതണം? അവർ സ്വീകരിക്കേണ്ട കലാമൂല്യങ്ങൾ ഏവ? അവരുടെ ഭാഷയും ശൈലികളും എങ്ങിനെയിരിക്കണം? മൂന്നാമത്തെ ചോദ്യം: അവർ വല്ലപഠിപ്പും പരിശീലനവും നേടേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ പഠിക്കണം? എവിടെനിന്നു പഠിക്കണം? ഇതുപോലെ വേറേയും ചോദ്യങ്ങളുയർന്നേക്കാം.

ആദ്യം ഇതിലെ ഒന്നാമത്തേതെന്ന ചോദ്യം തന്നെ നമുക്ക് പരിശോധിക്കുക. ബൂർഷ്വാ ജന്മി വർഗ്ഗങ്ങളുടെ മേധാവിത്വത്തിലുള്ള ഒരു മുതലാളിത്വ വ്യവസ്ഥിതിയാണല്ലോ ഇന്ത്യയിൽ ഇന്ന് കൊടികുത്തി വാഴുന്നത്. അതേ മേധാവി വർഗ്ഗങ്ങൾ തന്നെ നമ്മുടെ നാട്ടിലെ സാഹിത്യത്തിലും സംസ്കാരത്തിലും വിദ്യാഭ്യാസ രംഗത്തുമെല്ലാം ആധിപത്യം വഹിക്കുന്നുണ്ട്. ഇതും നമ്മുടെ അനുഭവമാണ്. ഈ സാഹചര്യത്തിൽ, ഈ രാജ്യത്തിലെ സമുദായത്തിന്റെ ഏറ്റവും താഴ്ന്ന തട്ടുകളിൽ കിടക്കുന്ന ചൂഷിതബഹുജനങ്ങൾക്കുവേണ്ടി—അതേ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി അതിന്റെ അടിസ്ഥാന വർഗ്ഗങ്ങളായി എടുക്കുന്ന തൊഴിലാളികൾ കൃഷിക്കാർ, കർഷകതൊഴിലാളികൾ എന്നീ അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടിത്തന്നെയാണ് കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർ എഴുതേണ്ടതെന്നതിന്ന് യാതൊരു സംശയവുമില്ല. എന്നുവെച്ചാൽ, നമ്മുടെ നാട്ടിലെ ജനസംഖ്യയുടെ 80 ശതമാനത്തിലധികം വരുന്ന ആളുകളെ സേവിക്കുന്നതും, അവർക്ക് ഹിതകരമായതുമായിരിക്കണം കമ്യൂണിസ്റ്റുകാർ രചിക്കുന്ന സാഹിത്യം എന്നർത്ഥം.

ഇന്ത്യയിലെ മറേറതു പ്രസ്ഥാനത്തിലും ഉള്ളതിനേക്കാൾ ഉയർന്നതാണ് കേരളത്തിൽ ഇന്നു നിലവിലുള്ള സാക്ഷരത്വശതമാനം. മർദ്ദിതരും ചൂഷിതരുമായ നമ്മുടെ ബഹുജനങ്ങളിൽ വിപുലമായ വിഭാഗങ്ങൾക്ക് കുറെയൊക്കെ എഴുതാനും വായിക്കാനും അറിയാം. അവർക്ക് സംസ്കാരതൃഷ്ണയുണ്ട്; കലാപരവും സാഹിത്യപരവുമായ അഭിരുചികളും ഉണ്ട്. നിർഭാഗ്യവശാൽ അവർ ഇന്ന് തങ്ങളുടെ ആശയപരവും സാംസ്കാരികവുമായ തൃഷ്ണ ശമിപ്പിക്കുന്നതിന് ബൂർഷ്വാ സാഹിത്യകൃതികളെയോ അശ്ലീലസാഹിത്യത്തെയോ ആണ് ഗത്യന്തരമില്ലാതെ ആശ്രയിക്കുവാൻ നിർബന്ധിതരാവുന്നതു്. ഈ ദുഃസ്ഥിതി മാററാൻ കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർക്ക് കഴിയണം. മർദ്ദിതജനലക്ഷങ്ങളിൽ പുരോഗമനോന്മുഖവും ജനകീയവും വിപ്ലവപരവുമായ വർഗബോധവും അനന്യപരതന്ത്രമായ വർഗസംസ്കാരവും വളർത്തിക്കൊണ്ടുവരുവാൻ പര്യാപ്തമായ ഒരു സാഹിത്യം മലയാളഭാഷയിൽ ഇന്ന് രചിക്കേണ്ടതു് കമ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടെ കർത്തവ്യമായിരിക്കുന്നു

കേരളത്തിൽ നമുക്കതിന്റെ പാരമ്പര്യം കഴിഞ്ഞ രണ്ടുമൂന്നു വ്യാഴവട്ടക്കാലമായി നിലനിന്നിട്ടുണ്ടുതാനും. 1937-ൽ സഃ ഇ. എം. എസ്സിന്റെ നേതൃത്വത്തിൽ ചില യുവസാഹിത്യകാരന്മാർ സമാരംഭിച്ച ജീവൽസാഹിത്യപ്രസ്ഥാനം മുതൽ ഇന്നത്തെ കാലം വരെ (എത്ര അപൂർണ്ണവും ഭാഗികവും ദുർബലവുമായിട്ടാണെങ്കിലും) മർദ്ദിതജനവിഭാഗങ്ങളുടെ വർഗബോധം കലർന്ന ഈ സാഹിത്യം അതിന്റെ സ്വതന്ത്രമായ വ്യക്തിത്വം പുലർത്തിക്കൊണ്ടു് നിലനിന്നിട്ടുണ്ടു്. ഇപ്പോഴാകട്ടെ മുമ്പെന്നത്തേക്കാളുമേറെ വിപുലമായൊരടിസ്ഥാനത്തിൽ നാട്ടിളെ അതിനു വളർന്നുവരാ

നുള്ള ബഹുജന സാഹചര്യങ്ങളും ഉണ്ടായിരിക്കുന്നു. ഇന്നത്തെ പുതിയ അനുകൂലസാഹചര്യങ്ങളും തൊഴിലാളി-കൃഷിക്കജനതയുടെ സാംസ്കാരികാവശ്യങ്ങളും കണ്ടറിഞ്ഞ് കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർ ഇനി ഈ ജനസാമാന്യത്തിനു വേണ്ടിത്തന്നെ (ബൂഷ്വാ-ജന്മിവർഗങ്ങൾക്കുവേണ്ടിയല്ല) കൂടുതൽ കൂടുതൽ എഴുതണം് അതാണ് അവരുടെ കടമ.

ആക്കുവേണ്ടി—ഏതു വർഗങ്ങളടങ്ങുന്ന അനുവാചകസദസിന്നുവേണ്ടിയാണ്—കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർ എഴുതേണ്ടതെന്നാണ് ഇതുപ്പോൾതന്നെ നാം പരിശോധിച്ചതു്. ഇനി അവർ ഏതുതരം ഭാഷയിലും ശൈലിയിലുമാണ് എഴുതേണ്ടതെന്നു പരിശോധിക്കണം. കമ്യൂണിസ്റ്റ് കലാമൂല്യങ്ങളുടേയും നല്ലസാഹിത്യകാരന്മാരാകാൻ അവക്കുവേണ്ട പഠിപ്പിന്റേയും പരിശീലനത്തിന്റേയും പ്രശ്നങ്ങൾ വേറേയും അവശേഷിക്കുന്നു. ഇതെല്ലാംകൂടി പരിശോധിക്കേണ്ടതുണ്ട്.

ഭാഷയുടേയും കലാമൂല്യങ്ങളുടേയും ശില്പസൗഷ്ഠവത്തിന്റേയും കാര്യത്തിൽ പല കമ്യൂണിസ്റ്റ് സാഹിത്യകാരന്മാക്കും തീരെ ശ്രദ്ധയില്ലെന്നും, മിക്കപ്പോഴും അവർ കലയെ കൊല്ലുന്നവർ പോലുമാണെന്നും ആദ്യം മുതൽക്കെ ആക്ഷേപമുണ്ടായിട്ടുണ്ട്. കമ്യൂണിസ്റ്റുകാർ സാഹിത്യത്തേയും കലയേയും തങ്ങളുടെ രാഷ്ട്രീയ പ്രചാരവേലക്കുവേണ്ടി ദുരുപയോഗപ്പെടുത്തുകയാണെന്നാണ് ബൂർഷ്വാ സാഹിത്യകാരന്മാർ പറയുക പതിവ്. ഈ ആക്ഷേപങ്ങളുടേയെല്ലാം പിന്നിലുള്ള ബൂർഷ്വാ ഉദ്ദേശം ഒന്നുമാത്രമാണെന്നു് ആദ്യംമുതൽക്കെ കേരളത്തിൽ നമുക്ക് വ്യക്തമായിരുന്നു. കലയേയും സാഹിത്യത്തേയും ഒരിക്കലും ചൂഷിത ജനവിഭാഗങ്ങളുടെ വർഗസമരങ്ങൾക്കുവേണ്ടി ഉപയോഗിച്ചു

കൂടാ: അവ ബൂർഷ്വാ-ജന്മിവർഗങ്ങളുടെ ദുഷിച്ച സംസ്കാരത്തിന്റെ ഉപകരണങ്ങളാകാനേ പാടുള്ളു. ഇതാണ് അന്നും ഇന്നും ബൂർഷ്വാ നിരൂപകരുടെ ശുദ്ധകലാവാദത്തിന്റെയും ശുദ്ധസാഹിത്യ വാദത്തിന്റെയും യഥാർത്ഥമായ ഉള്ളടക്കം.

പക്ഷെ, ബൂർഷ്വാസിയുടെ ഉദ്ദേശവും അവർ പറയുന്നതിന്റെ ഉള്ളടക്കവും എന്തായാലും ശരി, കമ്യൂണിസ്റ്റ് എഴുത്തുകാർക്ക് തങ്ങളുടെ സാഹിത്യകൃതികളിലെ കലാമൂല്യങ്ങളെ സംബന്ധിച്ചും തങ്ങളുപയോഗിക്കുന്ന ഭാഷയെസംബന്ധിച്ചുമൊക്കെ സ്വതന്ത്രവും ശരിയുമായ ഒരു നിലപാടും വ്യക്തമായ അഭിപ്രായങ്ങളും ഉണ്ടായിരിക്കണം. ഈ നിലപാടും അഭിപ്രായങ്ങളും തൊഴിലാളി-കർഷക ബഹുജനങ്ങളുടെ വർഗതാല്പര്യങ്ങളിൽതന്നെ അധിഷ്ഠിതവുമാകണം. കലാമൂല്യങ്ങൾ കുറഞ്ഞ കവിതകൾക്കും, പാട്ടുകൾക്കും നാടകങ്ങൾക്കും ബഹുജനങ്ങളിൽ ഒരു ചെറിയ ന്യൂനപക്ഷത്തെമാത്രമെ ആകർഷിക്കാൻ സാധിക്കു. കലാപരമായ മേന്മ കൂടുതലുണ്ടെങ്കിലോ, കൂടുതൽവിപുലമായ ജനവിഭാഗങ്ങളെ—ആശയപരമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെക്കൂടി—സംഘടിതജനാധിപത്യപ്രസ്ഥാനത്തിലേക്കും വർഗസമരചിന്താഗതിയിലേക്കും കൊണ്ടുവരാൻ വിവിധസാഹിത്യരൂപങ്ങൾക്ക് സാധിക്കും. കമ്യൂണിസ്റ്റ് സാഹിത്യകൃതികൾ, അപ്പോൾ, ആയിരക്കണക്കിന്നും ലക്ഷക്കണക്കിന്നുമുള്ള വ്യക്തികളായ ആസ്വാദകരുടെ ഹൃദയങ്ങളിലേക്കും ബോധമണ്ഡലങ്ങളിലേക്കും അഗാധമായി ഇറങ്ങിച്ചെല്ലുവാൻ കഴിവുണ്ടാകത്തക്കവിധം ലളിതവും കലാസുന്ദരവുമായിരിക്കണം. ഭാഷ ജനകീയമായിരിക്കണം; ബഹുജന

ങ്ങൾക്കു് (പണ്ഡിതന്മാൎക്കും ജ്ഞാനികൾക്കും മാത്രമല്ല) അനുഗ്രഹിക്കാൻ കഴിയണം; അതേ സമയം തന്നെ ബഹുജനങ്ങളെ സാംസ്കാരികമായി ഉയൎത്തുക എന്നതായിരിക്കണം കമ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടെ ലക്ഷ്യം.

പിന്നെയുള്ളതു് കമ്യൂണിസ്റ്റു് സാഹിത്യകാരന്മാരുടെ പഠിപ്പിന്റേയും പരിശീലനത്തിന്റേയും പ്രശ്നമാണു് കഴിവുകളെല്ലാം ജന്മസിദ്ധമാണെന്നും കമ്യൂണിസ്റ്റു് എഴുത്തുകാർ ജനങ്ങൾക്കുവേണ്ടി ബോധപൂൎവ്വം അങ്ങെഴുതിയാൽ ഭാഷയും ശൈലിയും കലാഭംഗിയും ആശയങ്ങളുമൊക്കെ നൈസൎഗ്ഗികപ്രചോദനംകൊണ്ടു് തനിയെ പ്രവൎത്തിച്ചുകൊള്ളുമെന്നും ഉള്ള നിലപാടു് തികച്ചും ശരിയല്ല. ബൂൎഷ്വാ സാഹിത്യകാരന്മാൎക്കാണെങ്കിൽ ആ നിലപാടു് മതി; കാരണം, അവൎക്കു് സമുദായത്തോടു് ഉത്തരവാദിത്വമില്ല. കമ്യൂണിസ്റ്റുകാർക്കാകട്ടെ, നേരെമറിച്ചു് സമുദായത്തിലെ ബഹുഭൂരിപക്ഷംവരുന്ന മൎദ്ദിതജനസാമാന്യത്തോടു് നിസ്സീമമായ ഉത്തരവാദിത്വമുണ്ടു്. ബഹുജനങ്ങൾക്കുവേണ്ടി സാഹിത്യരചിക്കാൻ കച്ചകെട്ടിയിറങ്ങുന്നവർ തീൎച്ചയായും തങ്ങളുടെ നൈസൎഗ്ഗികമായ കഴിവുകൾ അതിനുവേണ്ടി പരമാവധി ഉത്സാഹപൂൎവ്വം ഉപയോഗിക്കണം. പക്ഷെ, അതോടൊപ്പം അവർ ധാരാളം ചിലതു് പഠിക്കുന്നതും ചില കാൎയ്യങ്ങളിൽ സ്വല്പം അറിവും പരിചയവും നേടുന്നതും (വിശേഷിച്ചും ഇനിമുതല്ക്കങ്ങോട്ടു്) വളരെ അത്യാവശ്യമാണു്.

കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർ എന്തെന്തു പഠിക്കണം. എവിടെ നിന്നു പഠിക്കണം എന്നതിനെപ്പററി സംക്ഷിപ്തമായ ചില സൂചനകൾ മാത്രമേ ഇവിടെ കൊടുക്കുന്നുള്ളു:

(1) അവർ ജനങ്ങളിൽനിന്നു പഠിക്കണം. ജനജീവിതത്തിൽനിന്നു പഠിക്കണം. മനുഷ്യരെ മനുഷ്യനെന്നനിലയിൽത്തന്നെ വ്യക്തിപരമായി കണ്ടു മനസ്സിലാക്കണം. ആളുകളുടെ ജീവിതത്തിലെ വൈരുദ്ധ്യങ്ങൾ വിശേഷിച്ചും കണ്ടുപഠിക്കണം. ജനജീവിതമാണു് ഏററവും പ്രധാനമായ പാഠ്യപുസ്തകം.

(2) മാർക്സിസം—ലെനിനിസം പഠിക്കണം. അതിന്റെ വെളിച്ചത്തിൽ നമ്മുടെ സമുദായത്തെയും വർഗങ്ങളെയും വർഗവൈരുദ്ധ്യങ്ങളെയും ശാസ്ത്രീയമായി അപഗ്രഥിച്ചു പഠിക്കണം.

(3) നമ്മുടെ ഭാഷയിലും ഇതര ഭാഷകളിലുമുള്ള മററു സാഹിത്യകാരന്മാരുടെ കൃതികൾ വായിക്കുന്നതിൽ തെററില്ല. അന്യരുടെ വൈകല്യങ്ങൾ നമ്മിൽ സ്വാധീനം ചെലുത്തരുതു്. പക്ഷേ നല്ലതൊന്നും വർജ്ജിക്കേണ്ടതില്ല. നമ്മുടെതന്നെ ഭൂതകാലസാഹിത്യത്തിൽനിന്നും സാംസ്കാരിക പൈതൃകത്തിൽനിന്നും വിമർശനാത്മകമായി പഠിക്കേണ്ടതു് സ്വീകരിക്കണം പക്ഷേ, ഭൂതകാലത്തിൽ മുഴുകരുതു്.

(4) രസതത്വശാസ്ത്രം (അല്ലെങ്കിൽ, അലങ്കാരശാസ്ത്രം) പഠിച്ചു് മനസ്സിലാക്കണം. മാർക്സിസ്റ്റു് കലാതത്വങ്ങളും പഠിക്കണം.

നമ്മുടെ നാട്ടിൽ ഇന്നും നിലവിലുള്ള മുതലാളിത്ത സംവിധാനത്തിൽ കമ്യൂണിസ്റ്റു് സാഹിത്യകാരന്മാർ മേല്പറഞ്ഞ സാഹിത്യപരമായ കടമകൾ നിർവ്വഹിക്കുന്നതോടൊപ്പം, കമ്യൂണിസ്റ്റുകാരല്ലാത്ത സാഹിത്യകാരന്മാരോടു് അവർ എന്തു സമീപനമാണു് കൈക്കൊള്ളള്ളതെന്നുള്ളതും വളരെ പ്രധാനമായ ഒരു പ്രശ്നമാണു്. കാരണം, ഇന്നു് നമ്മുടെനാട്ടിൽ സാംസ്കാരികരംഗത്തു് പ്രവത്തിക്കുന്ന ഭൂരിപക്ഷം സാഹിത്യകാരന്മാരും

ബുദ്ധിജീവികളും കമ്യൂണിസ്റ്റുകാരല്ല; നമ്മുടെ രാജ്യത്തു് മേധാവിത്വം വഹിക്കുന്ന സംസ്കാരം അധ്വാനിക്കുന്ന വർഗങ്ങളുടേതുമല്ല അങ്ങനെയിരിക്കെ ഈ ഭൂരിപക്ഷം സാഹിത്യകാരന്മാരേയും നാം "വർഗ ശത്രുക്കളായി" കണ്ടു് അവരുമായി ഒരു ബന്ധവും പുലർത്താതിരിക്കുകയും, നിലവിലുള്ള സാഹിത്യലോകത്തിലും സാംസ്കാരിക മണ്ഡലങ്ങളിലും നാം കൂപ മണ്ഡൂകങ്ങളാവുകയുമാണോ വേണ്ടതു്? ഒരിക്കലുമല്ല. അതു് തെററായ കാഴ്ചപ്പാടാണു്. അതു് സെക്ടേറിയൻ അടവുമാണു്.

ഇതുവരെ ഉണ്ടായിട്ടുള്ളതും ഇപ്പോഴും ഉള്ളതുമായ എല്ലാ സാഹിത്യവും വർഗ സാഹിത്യമാണെന്നു് മുകളിൽ ഈ രേഖയിൽ നാം വെട്ടിത്തുറന്നു് പ്രസ്താവിച്ചുവല്ലോ? പക്ഷേ, അതോടൊപ്പം ഇതു് യാന്ത്രികമായി മനസ്സിലാക്കരുതെന്നുംകൂടി പറഞ്ഞിട്ടുണ്ടു്. അങ്ങനെ പറഞ്ഞതു് വെറുതെയൊന്നുമല്ല. സാഹിതത്തിന്റേയും കലയുടേയും അന്തസ്സത്ത ഒട്ടംതന്നെ ഋജുവോ ലളിതമോ അല്ല, ഒട്ടേറെ സങ്കീർണ്ണവും വൈരുധ്യാധിഷ്ഠിതവുമാണു് എന്നതന്നെയാണു് അപ്പറഞ്ഞതിന്നർത്ഥം. ബൂർഷ്വാ-ഫ്യൂഡൽ സാഹിത്യകാരന്മാരിൽ പലരുടെയും ആശയങ്ങളും അഭിപ്രായഗതികളും പിന്തിരിപ്പനായിരിക്കും; രാഷ്ട്രീയമായോ പ്രത്യയശാസ്ത്രപരമായോ നമുക്കു് അവരോടു് തീരെ യോജിക്കാൻ കഴിഞ്ഞെന്നു് വരില്ല എങ്കിൽക്കൂടി, അവർക്കു് കലാപരമായ ആത്മാർത്ഥതയുണ്ടെങ്കിൽ—അവർ നല്ല സാഹിത്യകാരന്മാരാണെങ്കിൽ—ചുററുപാടുമുള്ള സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ഭാഗികമായിട്ടെങ്കിലും അവർ തങ്ങളുടെ കൃതികളിൽ ആവിഷ്കരിക്കാതിരിക്കില്ല. ഈ വൈരുധ്യം അനിവാര്യമാണെന്നതുപോലെ വളരെ

രസകരവുമാണ്. ഏംഗൽസ് ബെൽസാക്കിനെയും ലെനിൻ ടോൾസ്റ്റോയിയേയും വിലയിരുത്തിയതു് ഈ വൈരുധ്യം പരിശോധിച്ചിട്ടാണ്.

എന്നാൽ കേരളത്തിൽ കമ്യൂണിസ്റ്റേതര സാഹിത്യകാരന്മാരോടും അവരുടെ കൃതികളോടും ഇന്നുവരെ നാം സ്വീകരിക്കാറുള്ള സമീപനം ഇതല്ല. സാഹിത്യകാരന്മാരെയാകെ ഒന്നുകിൽ പിന്തിരിപ്പന്മാർ, അല്ലെങ്കിൽ പുരോഗാമികൾ എന്നിങ്ങനെ ഖണ്ഡിതമായ രണ്ടു ചേരികളിൽ ഒതുക്കിനിർത്തുന്നുള്ള യാന്ത്രികമായ ഒരു പ്രവണതയാണ് പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ കാലം മുതൽ ഇന്നുവരെ നമ്മിൽ മിക്കവരും പ്രദർശിപ്പിച്ചിട്ടുള്ളതു്. ഈ സമ്പ്രദായം ഉപേക്ഷിച്ച്, മാർക്സിസ്റ്റ്—ലെനിനിസ്റ്റ് വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽതന്നെയുള്ള ശാസ്ത്രീയമായ ഒരു സമീപനം ഇക്കാര്യത്തിലും നാം കൈക്കൊള്ളുന്നതു്. കൊള്ളാം. അങ്ങിനെ നാം ചെയ്താൽ, അതു് കമ്യൂണിസ്റ്റിതര സാഹിത്യകാരന്മാരുമായി ഏറെക്കുറെ ഐക്യവും നല്ലബന്ധങ്ങളും പൊതുവിൽ സ്ഥാപിക്കാനും അതോടൊപ്പം കൂടുതൽ അഗാധമായ അർത്ഥത്തിൽ മാർക്സിസ്റ്റ് സാഹിത്യ വിമർശനം വളർത്താനും സഹായകരമായിരിക്കും. കമ്യൂണിസ്റ്റിതര ബുദ്ധിജീവികളോടു് മൊത്തത്തിൽ നാം കൈക്കൊള്ളേണ്ട സമീപനം ഐക്യത്തോടൊപ്പം സമരവും. സൗഹാർദ്ദത്തോടൊപ്പം വിമർശനവും എന്നതായിരിക്കണം.

# ഏലങ്കുളം സാഹിത്യചർച്ചയും പ്രധാനപ്പെട്ട അഭിപ്രായങ്ങളും

സ: ഇ. കെ. നായനാരുടെ അദ്ധ്യക്ഷതയിൽ കൂടിയ ഏലങ്കുളം യോഗത്തിൽ സംഘാടകർക്കുവേണ്ടി സ: ചെറുകാട് സ്വാഗതമാശംസിച്ചു സാഹിത്യത്തിൽ ഇന്ന് പൊതുവെ ഉണ്ടായിട്ടുള്ള മാന്ദ്യത്തെ പരിഹരിക്കാൻ ക്രിയാത്മകമായി എന്തുചെയ്യാൻകഴിയും എന്ന് ചിന്തിക്കലാണ് സമ്മേളനത്തിന്റെ മുഖ്യോദ്ദേശമെന്ന് അദ്ദേഹം വിവരിച്ചു.

തുടർന്ന് സ: ദേവദാസ് പ്രബന്ധമവതരിപ്പിച്ചു.

അതിനെത്തുടർന്ന് നടന്ന ചർച്ചയിൽ സഖാക്കൾ ജി. ഫിലിപ്പ്സ്, എം. കുട്ടികൃഷ്ണൻ, കെ. പി. ജി, ശ്രീരേഖ, എം. എൻ കുറുപ്പ് പൊൻകുന്നം ദാമോദരൻ, കെ. പി. ശശിധരൻ, ഹരിഹരൻ പൂഞ്ഞാർ,



ടി. കെ. നാരായണൻ, വി. പി. വാസുദേവൻ, ഇ. വി. ജി., എം. ആർ. ചന്ദ്രശേഖരൻ, ചെറുകാട്, തായാട്ട് ശങ്കരൻ, ചാത്തുണ്ണി മാസ്റ്റർ, ഏഴാച്ചേരി രാമചന്ദ്രൻ, പി. വിജയൻ, സി. പി. നാരായണൻ ടി. ശിവദാസ്, ഇ. കെ. നായനാർ, ഇ. എം. എസ്, എം. എസ്. ദേവദാസ്, ഇയ്യങ്കോട് ശ്രീധരൻ, കെ. ഐ. വാസുദേവൻനായർ, തുടങ്ങിയവർ പങ്കെടുത്തു.

അവിടെ ഉയൻവന്ന പ്രധാനപ്പെട്ട ചില അഭിപ്രായങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജീവൽ സാഹിത്യകാലം മുതൽ കമ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളും അനുഭാവികളുമായ എഴുത്തുകാരുടെ കൃതികൾക്കുള്ള മൗലികമായ ഒരു പോരായ്മയുണ്ട്. സാഹിത്യത്തിന്നു് ജീവിതത്തിലുള്ള പങ്കെന്താണെന്നതിനെക്കുറിച്ച് സിദ്ധാന്തപരമായ ബോധം ഇല്ലാത്തതുകൊണ്ടുള്ള പോരായ്മ. ആ ബോധം ഉണ്ടാക്കാൻ ശ്രമിക്കണം.

2. വർഗസമരത്തെ അന്നന്നത്തെ സാമ്പത്തിക സമരമായി കാണുന്നതാണു് മറ്റൊരു തെറ്റു്. സമൂഹത്തിന്റെ മേധാവിത്വം പിടിച്ചുപററാൻ ശ്രമിക്കുന്ന സമരമാണു് വർഗസമരം. അതിൽ സാഹിത്യരംഗത്തു് ചെയ്യേണ്ടതെന്തു് എന്നതിനെക്കുറിച്ച് ശരി

---

ഫോട്ടോ:

സ; ഇ. എം. എസ്. ചർച്ചയിൽ പങ്കെടുക്കുന്നു. തൊട്ടടുത്തിരിക്കുന്നതു് അധ്യക്ഷൻ സ: ഇ. കെ. നായനാർ. ഇരുവശവും (ഇടതു്) കെ. ഐ. വാസുദേവൻ നായർ, ഇ. വി. ജി., എം. എൻ. കുറുപ്പ്, കെ. പി. ജി., (വലതു്) പാലക്കീഴ് ലക്ഷ്മണൻ, പാലക്കീഴ് നാരായണൻ, ടി. ശിവദാസ്, കെ. പി. മോഹനൻ, എം. കുട്ടികൃഷ്ണൻ, ഹരിഹരൻ പൂഞ്ഞാർ.

---

യായ ബോധമിന്നില്ല. മാർക്സിസ്റ്റ് ബോധത്തോടു കൂടി സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരെ സാംസ്കാരികരംഗത്തും മേധാവിത്വം പിടിച്ചുപററാൻ തക്കവണ്ണം ഉയർത്തിക്കൊണ്ടുവരണം.

3 സാംസ്കാരികരംഗത്തു് സാമ്രാജ്യത്വ സ്വാധീനം വളൎന്നുവരുന്നതിനെ നാം വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ആ കുറവു് നികത്തേണ്ടതായിരിക്കുന്നു. സാഹിത്യരംഗത്തു് അതിനുതകുന്ന ഒരു സംഘടന വേണം എന്നു് പരിഗണിക്കണം. സംഘടിതമായല്ലേ എതിരാളികളെ നേരിടാൻ പററൂ?

4. സാമ്രാജ്യത്വ ശക്തികൾ മാത്രമല്ല, സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സംഭവ വികാസങ്ങളും ബുദ്ധിജീവികളെ കാര്യമായി സ്വാധീനിക്കുന്നുണ്ടു് ഇതിനെ നേരിടാൻ ശക്തമായ നേതൃത്വം നൽകണം.

5. ജീവത്സാഹിത്യത്തിന്റെ കാലം മുതല്ക്കുതന്നെ കമ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടെ കടമയെന്തു്, ശരിയായ വഴിക്കു് മുന്നോട്ടു പോകാൻ അവരെ എങ്ങിനെയെല്ലാം സഹായിക്കണം തുടങ്ങിയ സംഗതികളെക്കുറിച്ചു് ശരിയായ കാഴ്ചപ്പാടുണ്ടായിട്ടില്ല. ആ നില മാറണം. അതുപോലെ പുരോഗമന സാഹിത്യകാരനു് രണ്ടുമുഖങ്ങൾ—സ്വന്തം കാര്യങ്ങൾ ശരിപ്പെടുത്താൻ ഒരുമുഖം, പുരോഗമന സാഹിത്യമെഴുതാൻ വേറൊരു മുഖം—ഉണ്ടാകുന്ന സമ്പ്രദായം അവസാനിപ്പിക്കണം.

6 സാഹിത്യത്തിൽ പുതുതായുണ്ടാകുന്ന പ്രവണതകളെ ഗൗരവമായി പഠിക്കാൻ നാം അടുത്ത കാലത്തൊന്നും മുതിൎന്നിട്ടില്ല. അതുകൊണ്ടു് ഒന്നിനെക്കുറിച്ചും ആധികാരികമായി പറയാൻ നമുക്കു് കഴിയുന്നില്ല. അതുകൊണ്ടുള്ളഫലമോ? നമുക്കുചുററും നിഷേ

ദ്ധമായ പല ആശയങ്ങളും വളർന്നിരിക്കുന്നു. അടിസ്ഥാന വർഗങ്ങളെപ്പോലും അവ സ്വാധീനിച്ചിരിക്കുന്നു നമുക്കവയെ നേരിടാൻ കഴിയുന്നുമില്ല.

7. ഐക്യത്തിന്നു് തയ്യാറുള്ള പലരും സമരത്തിന്നു് തയ്യാറില്ല. വർഗസമരത്തെക്കുറിച്ചു് എഴുതാനുള്ള താല്പര്യം വർഗസമരത്തിൽ പങ്കെടുക്കാനില്ല. സമരത്തെ അകന്നുനിന്നു് കാണാനാണു് പലർക്കും കൂടുതൽ താല്പര്യം. പക്ഷെ ഇത്തരം സാഹിത്യകാരന്മാർക്കു്, വർഗസമരത്തിൽ ഭാഗഭാക്കാകാത്തവർക്കു് അതിനെക്കുറിച്ചു് എഴുതിഫലിപ്പിക്കാൻ വിഷമമാണു്.

8. തൊഴിലാളിവർഗത്തിന്റെ പരിശുദ്ധിയിൽ കറ പുരളരുതു്, അതേ സമയം സെക്ടേറിയൻവീക്ഷണം ഉണ്ടാവുകയുമരുതു്. മറ്റു സാഹിത്യകാരന്മാരുടെ കൃതികളിലുള്ള നല്ല അംശങ്ങൾ സ്വീകരിക്കണം. ഇതിലൊന്നും ആർക്കും അഭിപ്രായവ്യത്യാസമില്ല.

9. ജീവൽസാഹിത്യകാലം മുതൽ പകുതിക്കിട്ടേച്ചുപോയ തർക്കങ്ങൾ മുഴുമിക്കണം. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കതു് അത്യാവശ്യമാണു്. അവിടം ശരിയായി പഠിച്ചാലേ. പഴയ പാഠങ്ങളെന്തെന്നു് ശരിക്കു മനസ്സിലാക്കിയാലേ, ഇന്നത്തെ സാഹിത്യപ്രശ്നങ്ങൾ ചർച്ചചെയ്യാൻ നമുക്കു് കഴിയൂ.

10. സൌന്ദര്യശാസ്ത്രത്തെപ്പററി നാം കൂടുതൽ പഠിക്കണം, മാർക്സിസ്റ്റു് തത്വശാസ്ത്രത്തിന്റെ വെളിച്ചത്തിൽ, മുണ്ടശ്ശേരിമാസ്റ്റർ പറഞ്ഞ പല കാര്യങ്ങളെക്കുറിച്ചും കൂടുതൽ പഠനമാവശ്യമാണു്. ഉള്ളടക്കത്തെക്കുറിച്ചു് യോജിപ്പുണ്ടാവണം. രൂപത്തിന്റെ കാര്യത്തിൽ മത്സരമാവാം. രൂപവും ഉള്ളടക്കവും സംബ

ന്ധിച്ചു് കൂടുതൽ ചർച്ചചെയ്യണം: എന്നാലേ ആശയവ്യക്തത കൈവരൂ. മലയാളത്തിൽ മാർക്സിസ്റ്റ് നിരൂപണം ഇല്ല.

11 ജീവിതത്തിലേക്കു് ഇറങ്ങിച്ചെല്ലുകയും വർഗസമരത്തിൽ പങ്കെടുക്കുകയും ചെയ്തുകൊണ്ടു മാത്രം ഒരാളുടെ കൃതി മെച്ചപ്പെട്ടതാവണമെന്നില്ല. അതാവുമെന്നഭിപ്രായം പ്രശ്നത്തെ അതിലളിതമാക്കുന്നതുകൊണ്ടുണ്ടാവുന്നതാണു്.

12. അസ്വസ്ഥത ബുദ്ധിജീവികളുടെ ഇന്നത്തെ മൂഡാണു്. അതെന്താണു്, എന്തുകൊണ്ടുണ്ടായി എന്നു വിശകലനംചെയ്തു പഠിക്കണം. ജനസംഖ്യാപ്രശ്നം, പരിതഃസ്ഥിതിയിലുള്ള സന്തുലനം തുടങ്ങി ബുദ്ധിജീവികളെ അലട്ടുന്ന നിരവധി പ്രശ്നങ്ങളുണ്ടു്; ഇത്തരം പ്രശ്നങ്ങളെക്കുറിച്ചു് പഠിച്ചഭിപ്രായം പറയേണ്ടതു് മാർക്സിസ്റ്റ് ചിന്തകന്മാരുടെ ചുമതലയാണു്,

13. ജനാധിപത്യ പ്രസ്ഥാനത്തിലെ ജന വിഭാഗങ്ങളാണു് യഥാർത്ഥ നിരൂപകർ, ലക്ഷ്യം വിസ്മരിച്ചുകൊണ്ടു് രൂപഭംഗിയുടെ പിന്നാലെ പോകുന്നതിനെ അവർ അംഗീകരിക്കാൻ പോകുന്നില്ല. യുവ തലമുറ-ങ്ങളേതുവർഗത്തിൽനിന്നും വരുന്നതായാലും—കാട്ടുകയറുന്നു. പിന്തിരിപ്പൻപ്രസ്ഥാനം അതിന്നു് പ്രോത്സാഹനം നൽകുന്നു. ഇതിനെ നാം ശക്തിയായി നേരിടണം. ഇതിനെതിരായി നമ്മുടെ കഴിവു് ഉപയോഗിക്കണം.

14 പാർട്ടി അംഗങ്ങളെമാത്രമേ പുരോഗമന സാഹിത്യകാരന്മാരായി പരിഗണിക്കാവൂ എന്ന നിലപാടു് ശരിയല്ല. സാഹിത്യത്തിൽ ഐക്യമുന്നണി എന്ന ആശയം അത്ര പ്രായോഗികമല്ല. കഴിയാവുന്നത്രപേരെ പരമാവധി കൂടെ കൊണ്ടുപോകാം.

ഓരോ കാലത്തേയും യുവ തലമുറക്കുള്ളതിൽ കൂടുതൽ തകരാറൊന്നും ഇന്നത്തെ യുവ തലമുറക്കില്ല.

15. സമൂഹത്തിൽ മററുള്ളവർക്കില്ലാത്ത പ്രിവിലേജൊന്നും സാഹിത്യകാരന്നു് ആവശ്യമില്ല. സാഹിത്യകാരന്നു് വഴിതെററുമ്പോൾ പ്രസ്ഥാനം അയാളെ നേർവഴിക്കു് കൊണ്ടുവരണം.

16. കമ്യൂണിസ്റ്റു് നിരൂപകന്മാർക്കു് യുവ തലമുറയുടെ നേതൃത്വം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്നു് കാരണം അവരുടെ അസഹിഷ്ണുതയാണു്. ചെറുപ്പക്കാരുടെ വിശകലനം അവർ സ്വീകരിക്കണം.

17. പഴയ സാഹിത്യം മുഴുവൻ ചുട്ടുകരിച്ചിട്ടു് ഇവിടെ സാഹിത്യം വളർത്താനാവില്ല. രാമായണവും ഭാരതവും ചുട്ടുകരിക്കണം എന്നു് പറഞ്ഞ കേശവദേവിന്നു് ഒരു സ്ഥാനം നൽകിയതാണു് പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്നു് പററിയ തെററു്. തന്മൂലം ആ അഭിപ്രായത്തിൻെറ ചുമടു് പ്രസ്ഥാനത്തിന്നു് ചുമക്കേണ്ടിവന്നു.

18. സാഹിത്യത്തിൽ രണ്ടുചേരികളേ ഉള്ളു. അതുകൊണ്ടു് ഐക്യം, സമരം, ഐക്യം എന്ന മുദ്രാവാക്യത്തിന്നു് പ്രസക്തിയില്ല, വാക്കും പ്രവൃത്തിയും തമ്മിലുള്ള ഐക്യമാണു് സാഹിത്യരംഗത്താവശ്യം.

19. മധ്യവർഗ—ബുദ്ധിജീവി വിഭാഗത്തിന്നു് പുരോഗമനത്വം ഇല്ലാത്തതെന്തുകൊണ്ടെന്നു് പരിശോധിക്കണം. മററുരംഗങ്ങളിൽ പുരോഗമനം കാണിക്കുന്നവർപോലും സാഹിത്യരംഗത്തു് അതു് കാണിക്കാത്തതു് എന്തുകൊണ്ടാണെന്നു് നോക്കണം.

20. എല്ലാ പുതിയ പ്രവണതകളേയും എതിർക്കുക, പൈങ്കിളിനോവലുകളെ എതിർക്കാനായി ഖസാക്കിൻെറ ഇതിഹാസംപോലുള്ള നോവലുകളെ വാഴ്ത്തുക

എന്നിവയാണ് പൊതുവെ കണ്ടുവരുന്ന പ്രവണതകൾ. ഇതുരണ്ടുമല്ലാത്തൊരു നിലയല്ലേ സ്വീകരിക്കേണ്ടതു്.

21. സാഹിത്യത്തിൽ ഐക്യമുന്നണി അപ്രായോഗികമാണു്. സാഹിത്യകാരന്മാർ മാത്രം യോജിച്ചാൽ ഒരു നയമുണ്ടാക്കാൻ പററില്ല സംഘടന ധൃതിപിടിച്ചുണ്ടാക്കേണ്ടതില്ല. ഒരു സാഹിത്യപ്രസ്ഥാനമായിത്തന്നെ അതു നടത്തിയാൽ മതി.

22. 1948-50 കാലത്തിനുശേഷം സാഹിത്യരംഗത്തു് നാം ശക്തമായ ഒരു ആശയസമരം നടത്തിയിട്ടില്ല. ഇവിടെയും ലോകകമ്യൂണിസ്റ്റു് പ്രസ്ഥാനത്തിലും ഉണ്ടായിട്ടുള്ള സംഭവങ്ങൾ നമുക്കു് പല വിഷമങ്ങളുമുണ്ടാക്കിയിട്ടുണ്ടു്. സോഷ്യലിസ്റ്റു് റിയലിസത്തിൽനിന്നു് പിൻവലിയണം എന്നുവരെ എഴുതാൻ ചില കമ്യൂണിസ്റ്റു് സാഹിത്യകാരന്മാർ ഇയിടെ തയ്യാറായി. 1957-നുശേഷം നാമൊന്നും ഈ രംഗത്തു് ചെയ്തില്ല. തന്മൂലം നോവലോ കഥയോ, പരീക്ഷണം വേണോ എന്നിവയായ സാഹിത്യത്തിലെ ചർച്ചാവിഷയങ്ങൾ—പ്രത്യേകിച്ചു് 1962-നുശേഷം. പിന്നീടുണ്ടായ പുരോഗമനസാഹിത്യ സംഘടനകൾ ഒന്നും നിലനിന്നില്ല

23. സർവകലാശാലകൾ, അക്കാദമികൾ, ഗ്രന്ഥശാലാപ്രസ്ഥാനം തുടങ്ങിയ ബുദ്ധിജീവികളുടെ വേദികളിലൊന്നും നമുക്കു് ശബ്ദമുയർത്താൻ കഴിയുന്നില്ല.

24. ഇടത്തരം ബുദ്ധിജീവികളുടേതല്ലാത്ത ഒരു സാഹിത്യം, അധ്വാനിക്കുന്നവരുടെ ജീവിതം ചിത്രീകരിക്കുന്ന സാഹിത്യം ഇവിടെ ഉയന്നു് വരുന്നുണ്ടു്. കമ്യൂണിസ്റ്റുസാഹിത്യകാരനു് മാർക്സിസ്റ്റു് വീക്ഷണം ഉണ്ടാക്കിക്കൊടുക്കേണ്ടതത്യാവശ്യമാണു്.

25. ചെറുകാടിനേയും മററു കഥാകൃത്തുക്കളേയും കെ. പി. ജി. യേയും മററു കവികളേയും തമ്മിൽ സാഹിത്യത്തിൽ താരതമ്യപ്പെടുത്തുന്നതു് കർഷക-തൊഴിലാളി വിപ്ലവസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലല്ല, സാഹിത്യത്തിലെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണു്. പ്രമുഖ സാഹിത്യധാരകളും ഇടതുപക്ഷസാഹിത്യധാരയും തമ്മിലുള്ള ബന്ധം എവിടേയോ അററുപോയിട്ടുണ്ടു്. ചെറുകാടിന്റെ നോവലിനേക്കാൾ ഒ. വി. വിജയന്റേയും മററും നോവലുകളെ ചെറുപ്പക്കാർ കൂടുതലിഷ്ടപ്പെടുന്നു. ഈ കൃതികളിലെ നിഹിലിസത്തെ എതിർക്കുകയും ശില്പഭംഗിയെ ആസ്വദിക്കുകയും ചെയ്യുക പ്രയാസമാണു്. ഇത്തരം ചിന്താധാരകളുള്ള കൃതികളെ തള്ളിയാൽ ബാക്കിയൊന്നുമില്ലന്നതാണു് സ്ഥിതി.

26. പഴയശൈലി ഇഷ്ടപ്പെടാത്തതുകൊണ്ടാണു് പുതിയവ സ്വീകരിക്കപ്പെടുന്നതു്. ആശാനും വള്ളത്തോളും ചെയ്തതാണു്. ഇന്നു് ചെയ്യപ്പെടുന്നതും അതു തന്നെ. പുതിയ ആശയങ്ങൾ മൂർച്ചയോടെ അവതരിപ്പിക്കാൻ പുതിയ ശൈലി വേണ്ടിവരുന്നു.

27. ഏതുവിഭാഗമായിട്ടാണോ ഇടപെടുന്നതു് അതിനെ ആശ്രയിച്ചിരിക്കുന്നു പ്രതിപാദ്യത്തെ കുറിച്ചുള്ള അഭിപ്രായം. കോളേജിൽ പോയി വരുമ്പോഴേക്കും ഇടത്തരക്കാരായ യുവാക്കളുടെ അഭിപ്രായവും വീക്ഷണവും മാറുന്നു. രാഷ്ട്രീയബോധമില്ലാത്തവർക്കു് സ്വന്തം ജീവിതമാണു് പ്രധാന പ്രശ്നം. സാമൂഹ്യജീവിതത്തെപ്പററി നാം പറഞ്ഞുകൊടുക്കുന്ന വിശകലനം അവരെ തൃപ്തിപ്പെടുത്തുന്നില്ല. ആത്മവഞ്ചനയാണു് യുവാക്കൾക്കു് ഏററവും അസഹ്യമായിട്ടുള്ളതു്. ഇവരുടെയിടയിൽ കാണുന്ന ഒരു ചിന്താഗതി ഹിപ്പികളുടേതാണു്. മറേറതു് നക്സലിസവും. ഇതിന്റെ

സമ്മിശ്രരൂപമാണു് ഇന്നത്തെ പ്രധാന എഴുത്തുകാരുടെ കൃതികളിൽ കാണുന്നതു്. ഇതിനുള്ള സാമൂഹ്യപരമായ കാരണമെന്തെന്നു് പഠിക്കണം.

28. ഇന്നു വിജയിക്കുന്ന സിനിമകൾ സെക്സി സിനിമകളാണു്. സാഹിത്യത്തിലും അങ്ങനെ തന്നെ. തൊഴിലാളി-കർഷകവർഗങ്ങൾക്കും താല്പര്യം അതിലാണു്. അവരുടെ ജീവിതത്തിലെ സംഭവങ്ങൾ ചിത്രീകരിച്ചു് അവരെ ആകർഷിക്കുവാൻ കഴിയുമോ? ആദർശപരമായി ലോകത്തെ കാണാൻ ഉത്തേജനം നൽകലാണു് സാഹിത്യത്തിന്റെ പ്രയോജനം. സാഹിത്യനിരൂപണത്തിൽ വിട്ടുവീഴ്ചയില്ലാത്ത വർഗവിശകലനം സാധ്യമല്ല. വികാരപരമായ കെട്ടുറപ്പാണു് അനുവാചകരെ ആകർഷിക്കുന്നതു്. രൂപം സാഹിത്യത്തിൽ പ്രധാനമാണു്. വികാരപരമായ പുനരാവിഷ്കരണത്തിനുള്ള ശ്രമമാണു് രൂപം. വിശാലവീക്ഷണം ഉണ്ടാക്കുക എന്നതിൽ കവിഞ്ഞു് സാഹിത്യംകൊണ്ടു് വലിയ പ്രയോജനമില്ല. വിപ്ലവത്തിനുള്ള ആശയപരമായ സജ്ജീകരണമുണ്ടാക്കാൻ മാത്രമെ സാഹിത്യത്തിനു കഴിയൂ.

29. സാഹിത്യകാരന്മാരെ മുന്തിരിപ്പനെന്നും പിന്തിരിപ്പനെന്നും വകതിരിക്കുന്നത് തെററാണു്. കാരണം, മുന്തിരിപ്പന്മാർ പിന്തിരിപ്പൻ കൃതികളെഴുതും; തിരിച്ചും. നമ്മുടെ സാഹിത്യകാരന്മാരെ വാനോളം പുകഴ്ത്തുകയും മററുള്ളവരെ അതികഠിനമായി വിമർശിക്കുകയും ചെയ്യുന്നതു് ഒരു കൂട്ടരെ നശിപ്പിക്കുകയും മറെറാരു കൂട്ടരെ ശത്രുക്കളാക്കുകയും ചെയ്യാനേ ഉപകരിക്കൂ.

30. കലാസൃഷ്ടികളെക്കൊണ്ടു് വെല്ലുവിളി നടത്തുന്നതിനുപകരം നിരൂപണം കൊണ്ടാണു് നാം

ചെയ്യുന്നതു്. നമുക്കു് കുറെ ആശയങ്ങളുണ്ടു്. രൂപത്തിന്റെ കാര്യത്തിൽ നൂറുപുഷ്പങ്ങൾ വിരിയട്ടെ എന്നു വെക്കുകയാണു് ഭേദം. എഴുതിയതു നോക്കി പരസ്യമായ വിമർശനം നടത്തണം, അല്ലെങ്കിൽ പ്രസ്ഥാനത്തിന്റെ പേരും പറഞ്ഞു് തുക്കടസാഹിത്യകാരന്മാർ പ്രസ്ഥാനത്തിലേക്കു വരും.

31. സാഹിത്യകാരന്മാർ മാത്രമായി അധഃപതിക്കുന്ന ആപത്തു് ഇവിടെ ഉണ്ടായിട്ടില്ല. മററുള്ളവരുടെ കൂടെ ഇവരും അധഃപതിക്കുന്നു എന്നു മാത്രം. ആ നില മാററണമെങ്കിൽ ഇന്നത്തെ സാമൂഹ്യവ്യവസ്ഥക്കെതിരായി പ്രസ്ഥാനം മറെറന്തിനെക്കാളും ശക്തമാവണം, അതിനു് ജനങ്ങളെ അണിനിരത്താൻ പഠിക്കേണ്ടതൊക്കെ നാം പഠിക്കണം. ഒരു വിപ്ലവകാരിക്കു് അവശ്യം വേണ്ടതും നക്സലൈററിനില്ലാത്തതുമായ മനുഷ്യസ്നേഹം നമ്മുടെ എഴുത്തുകാർക്കുണ്ടാകണം.

32. ഒരോ തലമുറക്കും അതിന്റേതായ സെൻസിബിലിററിയുണ്ടു്. യുവതലമുറക്കു മത്തുണ്ടു്. അതാണു് മോഹഭംഗം. ലൈംഗികകാര്യങ്ങൾ പ്രതിപാദിക്കുന്നതിനെ അടച്ചാക്ഷേപിക്കുന്നതു് ഒരുതരം യാഥാസ്ഥിതികത്വമാണു്. തൊഴിലാളിവർഗ്ഗത്തിനു് കവിത ആസ്വദിക്കാൻ കഴിയില്ല എന്നുപറയുന്നതു് തെററാണു്.

33, ഓരോ പ്രസ്ഥാനത്തിന്റേയും രംഗത്തു് ഓരോ കാലഘട്ടത്തിലുള്ള സമീപനമെന്താണെന്നു്

സാഹിത്യകാരന്മാരും ആ പ്രസ്ഥാനത്തിന്റെ നേതാക്കളും തമ്മിൽ ഇടക്കിടെ ചർച്ചചെയ്യുന്നതു് നന്നു്. ഇതിന്റെ അഭാവം സാഹിത്യരംഗത്തും പ്രതിഫലിക്കുന്നുണ്ടു്.

34. നമ്മുടെ സാഹിത്യത്തിൽ ഗ്രൂപ്പിസം വിട്ട കാലമുണ്ടായിട്ടില്ല. മാർക്സിസ്റ്റുകാരായ സാഹിത്യകാരന്മാർ ഇതിൽനിന്നു് വിട്ടുനില്ക്കുകയും മറ്റുള്ളവരെ വിട്ടുകൊണ്ടു വരികയും വേണം.

35. പുതുതായുണ്ടാകുന്ന എല്ലാ പ്രവണതകളെയും പ്രസ്ഥാനങ്ങളെയുംപറ്റി പഠിച്ചഭിപ്രായം പറയുന്ന പതിവു് പുരോഗമന സാഹിത്യകാരന്മാൎക്കും ചിന്തകൎക്കും ഇടയിലില്ല. ഇതു് മാറണം, അവയെക്കുറിച്ചുള്ള ചർച്ചയിൽ ഫലപ്രദമായി പങ്കുകൊള്ളാൻ അവൎക്കു കഴിയണം.

36. 40-കളിൽ സാഹിത്യരംഗത്തു് നേതൃത്വം പുരോഗമനക്കാൎക്കായിരുന്നു. ഇന്നതല്ല സ്ഥിതി, ഈ നില മാറ്റാൻ എല്ലാ ശ്രമവും നടത്തണം.

37. 42—48 കാലത്തു് പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്നു് ഒരു രാഷ്ട്രീയ പശ്ചാത്തലമുണ്ടായിരുന്നു. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ പിളൎപ്പും അഭിപ്രായ വ്യത്യാസങ്ങളും പുരോഗമന സാഹിത്യകാരന്മാരിൽ ആശയക്കുഴപ്പമുണ്ടാക്കിയിട്ടുണ്ടു്. പൊതുശത്രു വാരു് എന്നതിനെക്കുറിച്ചു് രാഷ്ട്രീയ രംഗത്തെന്നപോലെ ഇവിടെയും അഭിപ്രായവ്യത്യാസമുണ്ടാകാം.

പൊതുകാഴ്ചപ്പാട് വേണമെന്ന് പറയുമ്പോൾ തൊഴിലാളിവർഗത്തിലുറച്ചുനില്ക്കണമെന്നേ അർത്ഥമുള്ളു. ബുദ്ധിജീവി വിഭാഗത്തെ ആകർഷിക്കാനുള്ള എല്ലാ അടവുകളും ബൂർഷ്വാസിക്കുണ്ട്. ബഹുജനപ്രസ്ഥാനം വളരുന്നതിന്നനുസരിച്ചേ വർഗസാഹിത്യം വളരൂ. പാർട്ടിനയം മാറുന്നതിന്നനുസരിച്ച് സാഹിത്യം നിർമ്മിക്കാനാവില്ല. അതേസമയം പാർട്ടിയുടെ സമീപനമെന്തെന്നറിയാതെ സാഹിത്യത്തെ സമരായുധമാക്കാനുമാവില്ല.

38. മുതലാളിത്തത്തെ മാത്രമല്ല അതിന്റെ സംസ്കാരത്തെയും എതിർക്കണം. അതിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും സമരം ചെയ്യുമ്പോൾ പലർക്കും ചാഞ്ചാട്ടമുണ്ടാകും. അവരെ നിയന്ത്രിക്കാൻ തൊഴിലാളി—കർഷക പ്രസ്ഥാനത്തിനേ കഴിയൂ.

39. യുവ തലമുറയെപ്പറ്റി അവരുടെ മോഹഭംഗത്തെപ്പറ്റി വിശദമായ ചർച്ച നടത്തി ഒരു പൊതു സമീപനമുണ്ടാക്കണം.

40. നമ്മുടെ വായനക്കാരേത് എന്ന പ്രശ്നത്തെപ്പറ്റി ഗൗരവമായ പഠനം നടത്തണം. മാവോ പറഞ്ഞത് നമ്മുടെ മുമ്പിലുണ്ട്. മാർക്സിസ്റ്റ് ആചാര്യന്മാരിൽ മാവോ മാത്രമേ ഇതേക്കുറിച്ച് പറഞ്ഞിട്ടുള്ളു. നാം നമ്മുടെ കൂടെയുള്ളവരോട് മാത്രം സംസാരിച്ചാൽ മതിയോ? എതിർചേരിയിലുള്ളവരോട് സംസാരിക്കണ്ടേ? വായിക്കുന്നവർ മാത്രമല്ല ഓഡി

യൻസ്. വായിച്ചവരുടെ സ്വാധീനം വായിക്കാത്തവരുടെ ഇടയിൽ ധാരാളമുണ്ട്.

41, മുതലാളിത്ത വ്യവസ്ഥിതി നിലനില്ക്കുന്നേടത്തോളം കാലം അതിൻെറ സംസ്കാരമാണ് വളരുക. അതുകൊണ്ട് മോഹഭംഗം ഈ വ്യവസ്ഥിതി നിലനില്ക്കുന്നിടത്തോളംകാലം ഉണ്ടാവും. സമരങ്ങൾ കൊണ്ടുണ്ടായ നേട്ടങ്ങൾ വ്യാമോഹങ്ങൾ വളർത്തിയിട്ടുണ്ട്. അവയെ വേണ്ടരീതിയിൽ വ്യാഖ്യാനിക്കാത്തതുമൂലം '47-ൽ സ്വാതന്ത്ര്യം കിട്ടിയപ്പോൾ അതു് ചെയ്യാത്തതുകൊണ്ട് വ്യാമോഹമുണ്ടായി.

# പ്രശ്നങ്ങളെ അടിസ്ഥാനതത്വങ്ങളുമായി ബന്ധപ്പെടുത്തിത്തന്നെ പരിശോധിക്കണം

(ഉച്ചക്കുശേഷം, ഇ. എം. എസ്. ഏലംകുളം സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിന്റെ ഏകദേശരൂപം)

ആർക്കും എതിർപ്പില്ലാത്ത ചില അടിസ്ഥാന തത്വങ്ങൾ ആവർത്തിക്കുക മാത്രമാണ് സ: ദേവദാസ് ചെയ്തിട്ടുള്ളതെന്ന ഒരഭിപ്രായം ഇവിടെ പൊന്തിവന്നിട്ടുണ്ട്. അതിനോടു ഞാൻ യോജിക്കുന്നില്ല.

സാഹിത്യവും സമുദായവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ചരിത്രപരമായ ഭൗതികവാദം അംഗീകരി

കുന്ന നിലപാട് (അടിത്തറയും മേൽപ്പുരയും തമ്മിലുള്ള ബന്ധം)താത്വികമായി വിശദീകരിക്കുകയാണ് സ: ദേവദാസ് ചെയ്തിട്ടുള്ളത്. അതിനു തർക്കമില്ല. പക്ഷേ, ആർക്കും എതിർപ്പില്ലാത്ത തത്വങ്ങളാണവയെന്ന് പറയാനൊക്കുമോ? ഇല്ലെന്നാണ് ഞാൻ വാദിക്കുന്നത്.

എന്റെ ആദ്യലേഖനത്തെ തുടർന്നു "ദേശാഭിമാനി" വാരികയിലും ഇന്നലെയും ഇന്നുമായി ഇവിടെയും നടന്ന ചർച്ചയിൽ പൊന്തിവന്ന വാദഗതികളിലൊന്നു ഇതാണ്: സാഹിത്യവും രാഷ്ട്രീയവും തമ്മിൽ എന്റെ ലേഖനത്തിൽ ചെയ്തതുപോലെ ബന്ധപ്പെടുത്തിക്കൂട; രാഷ്ട്രീയത്തിൽ ചെയ്യുന്നത് സാഹിത്യത്തിൽ ചെയ്തുകൂട. ഇതാണ് രാഷ്ട്രീയത്തിൽ ഐക്യമുന്നണിയെന്ന തന്ത്രം ശരിയാണ്, പക്ഷെ സാഹിത്യത്തിൽ അങ്ങിനെയല്ല, എന്ന രൂപത്തിൽ പ്രത്യക്ഷപ്പെട്ടത്.

അടിത്തറയും മേൽപ്പുരയും തമ്മിലുള്ള ബന്ധം സംബന്ധിച്ച മാർക്സിസ്റ്റ് സിദ്ധാന്തം അംഗീകരിക്കുന്ന ഒരാൾക്കും ഈ വാദഗതി സ്വീകാര്യമാവുകയില്ല.

ഉല്പാദനോപകരണങ്ങൾ, ഉല്പാദന സമ്പ്രദായം, ഉല്പാദന ബന്ധങ്ങൾ—ഇതെല്ലാം ചേർന്നതാണ് അടിത്തറ. ഈ അടിത്തറയുടെ മീതെ ഉയർന്നുവരുന്ന മേൽപ്പുരയിലാകട്ടെ, രാഷ്ട്രീയവും സാഹിത്യവുമടക്കം പലതും ഉൾപ്പെടുന്നു—നിയമം, താത്വികദർശനം വിവിധ ശാസ്ത്രശാഖകൾ, ലളിതകലകൾ മുതലായവ.

ഓരോ അടിത്തറക്കും സവിശേഷമായ മേൽപ്പുരയുണ്ട്. എന്നുവെച്ചാൽ, അടിത്തറയിൽ മാററംവരുന്നതോടൊപ്പം മേൽപ്പുരയിലും മാററം വരുന്നു. പക്ഷേ, അടിത്തറയുടെ വെറുമൊരു പ്രതിബിംബമല്ല മേല്പുര. അടിത്തറയിൽ വന്നുകൊണ്ടിരിക്കുന്ന മാററത്തെ ത്വരിതപ്പെടുത്തുകയോ തടഞ്ഞു നിർത്തുകയോ ചെയ്യാൻ ഒരതിരുവരെ മേൽപ്പുരക്ക കഴിയും.

അതായത്, അടിത്തറയുടെ സൃഷ്ടിയായ മേൽപ്പുര ഉയൎന്നുകഴിഞ്ഞാൽ ഒരു പരിധിവരെ(മാത്രം) അടിത്തറയെത്തന്നെ നിയന്ത്രിക്കാൻ കഴിവുള്ള—പരിമിതമായതോതിൽ (മാത്രം) അടിത്തറയെ നിയന്ത്രിക്കുന്ന—ഒരു ശക്തിയാണ് മേല്പുര.

ഉദാഹരണത്തിന്ന് കേരളത്തിൽ ജീവൽസാഹിത്യം ഉയൎന്നുവന്ന 1930 കളിലെ സ്ഥിതി പരിശോധിച്ചുനോക്കുക. സാമ്രാജ്യത്വ—പ്രാങ്ങ് മുതലാളിത്ത സമൂഹത്തിൻേറതായ ഒരടിത്തറയാണ് അന്നത്തെ നമ്മുടെ സമൂഹത്തിനുണ്ടായിരുന്നത്. അതേയവസരത്തിൽ, ആ അടിത്തറയുടെ ഭാഗമായിത്തന്നെ, മുതലാളിത്തം അതിവേഗത്തിൽ വളൎന്നുവരികയായിരുന്നു. പോരെങ്കിൽ, സാമ്രാജ്യത്വ വ്യവസ്ഥയെ ബാധിച്ച അതിഭീകരമായ കുഴപ്പം (വിലയിടിവു പോലുള്ള സാമ്പത്തിക കുഴപ്പങ്ങളുടേയും ലോകഫാസിസത്തിൻെറ ഉദയം സൂചിപ്പിക്കുന്ന രാഷ്ട്രീയക്കുഴപ്പങ്ങളുടേയും രൂപത്തിൽ) നമ്മുടെ നാട്ടിനേയും ബാധിച്ചുകൊണ്ടിരുന്നു.

അടിത്തറയിൽ വന്നുകൊണ്ടിരുന്ന ഈ മാററങ്ങളുടെ സന്തതികളാണ് ഇടപ്പള്ളി കവികളുടെ വിഷാദാത്മക കൃതികളും തകഴി, ദേവ് മുതലായവരുടെ കഥകളും. ഇവയുടെതന്നെ മറെറാരു രൂപമാണ് കേസരി ബാലകൃഷ്ണപിള്ളയും ശിഷ്യന്മാരും ഉയർത്തിക്കൊണ്ടുവന്ന പുതിയ സാഹിത്യവീക്ഷണം,

ഇതോടൊപ്പംതന്നെ അടിത്തറയിൽ വന്നുകൊണ്ടിരുന്ന മാററങ്ങളുടെ ഒരു ചരിത്രപ്രധാന സവിശേഷതയെന്നതിലേക്കു, തൊഴിലാളിവർഗത്തിൻെറ സംഘടിത പ്രസ്ഥാനവും വളൎന്നുകൊണ്ടിരുന്ന ട്രേഡ് യൂനിയനുകളും കൃഷകസംഘങ്ങളും രൂപംകൊള്ളുവാൻ തുടങ്ങി; കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപം പ്രാപിക്കുകയും വളരുകയും ചെയ്തു; അതിനകത്തു കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനം വ്യാപിച്ചു.

തൊഴിലാളി വർഗത്തിൻെറ വളർച്ചയെ സൂചിപ്പിക്കുന്ന ഈ പ്രക്രിയയെ പ്രതിഫലിപ്പിക്കുക മാത്രമല്ല ബലപ്പെടുത്തുകകൂടി ചെയ്യു ഒരു പ്രതിഭാസമാണ് ജീവൽ സാഹിത്യപ്രസ്ഥാനത്തിൻെറ ഉത്ഭവം, രാഷ്ട്രീയരംഗത്തു തൊഴിലാളി—കൃഷിക്കാദി ബഹുജന സംഘടനകൾക്കും സോഷ്യലിസ്റ്റ്—കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കും ഉണ്ടായ വളർച്ചയുടെ ഫലവും പോഷകശക്തിയുമായാണ് ജീവൽ സാഹിത്യപ്രസ്ഥാനം ഉയൎന്നുവന്നതെന്നർത്ഥം.

തൊഴിലാളി വർഗപ്രസ്ഥാനത്തെ ബലപ്പെടുത്താൻ വേണ്ടി ബോധപൂർവ്വം പ്രവർത്തിക്കുന്ന ഒരു

ജീവൽസാഹിത്യപ്രസ്ഥാനം ഉയൻുവന്നതിന്നു സമാന്തരമായി തൊഴിലാളിവർഗ പ്രസ്ഥാനത്തെ ബോധപൂർവ്വം എതിക്കുന്ന മറെറാരു പ്രസ്ഥാനവും അക്കാലത്തു തന്നെ ഉയൻുകൊണ്ടിരുന്നു. അതിൻെറ നേതാക്കന്മാരാണു് ജീവൽസാഹിത്യത്തെ "ചാവൽ സാഹിത്യ", മെന്നു വിളിച്ചും മററും ആക്ഷേപിച്ചതു്.

പക്ഷേ, ബോധപൂർവ്വം സംഘടിതരായി പ്രവർത്തിക്കുന്ന തൊഴിലാളിവർഗ്ഗം മാത്രമല്ല മുതലാളിത്തത്തിൻെറ വളർച്ചയുടെ ഫലമായി ഉയൻുവന്നതു്. തൊഴിലാളിവർഗ്ഗത്തിൻേറതിൽ നിന്നു് വ്യത്യസ്ഥവും ഒരതിരുവരെ അതിന്നെതിരുമായ പല പെററീബൂർഷ്വാ സാമൂഹ്യ—രാഷ്ട്രീയ ശക്തികളും പലതരത്തിൽ രൂപം കൊള്ളുകയും വളരുകയും ചെയ്തു. അവയുടെ വികാരവിചാരങ്ങളെ പ്രതിഫലിപ്പിക്കുന്ന സാഹിത്യവും രൂപംകൊണ്ടു.

ഇടപ്പള്ളി കവികളുടെ വിഷാദാത്മക കൃതികൾ തകഴി—ദേവ് പ്രഭൃതികളുടെ കഥകൾ "കേസരി" ഗ്രൂപ്പിൻേറ സാഹിത്യ വിമർശനം മുതലായവ ഈ ഇനത്തിൽപ്പെടുന്നു. അവ ഒരതിരുവരെ നിലവിലുള്ള സാമൂഹ്യവ്യവസ്ഥക്കെതിരായിരുന്നു; അതിനെ തട്ടിത്തകൎക്കുന്നതിന്നുള്ള വിപ്ലവപ്രസ്ഥാനത്തെ അവ സഹായിച്ചു.

അതേയവസരത്തിൽ, ജീവൽസാഹിത്യം ചെയ്യുന്നതുപോലെ, സോഷ്യലിസ്റ്റ് ഭാവിയിൽ വിശ്വാസ

മുളവാക്കി സംഘടിത വിപ്ലവപ്രസ്ഥാനത്തെ വള
ത്താൻ അവ ബോധപൂർവ്വം ശ്രമിച്ചില്ല. നേരെമറിച്ച
വിപ്ലവപ്രസ്ഥാനത്തെ സഹായിക്കുന്ന അതേ നാവു
കൊണ്ടുതന്നെ ചിലപ്പോൾ പ്രതിവിപ്ലവത്തേയും
അവ സഹായിച്ചു.

1930-ൽ മാത്രമല്ല പിന്നീടും പല രൂപങ്ങളിലു
മായി ഈ പ്രവണതകൾ പ്രത്യക്ഷപ്പെടുകയുണ്ടായി.
ഒരുവശത്തു് തൊഴിലാളിവർഗത്തിന്റേതായ സോഷ്യ
ലിസ്റ്റ് വീക്ഷണത്തോടെ വിപ്ലവപ്രസ്ഥാനത്തെ
ബോധപൂർവ്വം സഹായിക്കുന്ന സാഹിത്യകാരന്മാർ;
മറുവശത്തു വിപ്ലവപ്രസ്ഥാനത്തെ ബോധപൂർവ്വം എതി
ക്കുന്നവർ; ഇതിനു് രണ്ടിനുമിടയിൽ സോഷ്യലിസ്റ്റ്
ബോധത്തോടെയല്ലാതെ നിലവിലുള്ള സാമൂഹ്യവ്യവ
സ്ഥക്കെതിരായി സാഹിത്യരചന നടത്തുന്നവർ. ഈ
പ്രവണതകൾ ഇന്നും തുടരുന്നു.

അതായതു്, രാഷ്ട്രീയത്തിലെന്നപോലെതന്നെ
സാഹിത്യത്തിലും (ഒരേ മേൽപ്പുരയുടെ രണ്ടു് രൂപങ്ങ
ളാണവ) വർഗസമരം നടന്നുകൊണ്ടിരിക്കുന്നുണ്ടു്.
രണ്ടു രംഗത്തും പൊതു ശത്രുവിനെതിരായി യോജി
ക്കാവുന്ന വിഭാഗങ്ങളാണു് തൊഴിലാളിവർഗവും
പെററിബൂർഷ്വാസിയും. അതേസമയത്തു. ഈ രണ്ടു്
വിഭാഗങ്ങളും തമ്മിൽ ഐക്യത്തോടൊപ്പം വൈരു
ദ്ധ്യവുമുണ്ടു്. ലെനിന്റെ ഭാഷയിൽ "ഓറക്കു (വേറെ

വരെ) മുന്നോട്ടുനീങ്ങുക, ഒന്നിച്ചടിക്കുക"—ഇതാണു് തന്ത്രം. ഇതുതന്നെയാണു് മാവോ-സേ-തുങ്ങു് ആവിഷ്കരിച്ച "ഐക്യം, സമരം, വീണ്ടും ഐക്യം" എന്ന തന്ത്രത്തിലും അടങ്ങിയിട്ടുള്ളതു്.

1930 കളിലും 1940 കളുടെ അവസാന ഘട്ടം വരെയും തൊഴിലാളിവർഗവും പെററിബൂർഷ്വാ വിഭാഗങ്ങളും തമ്മിൽ പൊതുശത്രുവിനെതിരായി ഐക്യം സ്ഥാപിക്കാനുള്ള സാദ്ധ്യതയുണ്ടായിരുന്നു! ഈ സാദ്ധ്യത 1930 കളിൽ യാഥാർത്ഥ്യമായില്ല. അന്നു് (ജീവൽസാഹിത്യ ഘട്ടത്തിൽ) ബോധപൂർവ്വം പ്രവർത്തിക്കുന്ന തൊഴിലാളിവർഗ സാഹിത്യകാരന്മാർ മാത്രമാണു് നമ്മുടെ കൂടെ ഉണ്ടായിരുന്നതു്. എന്നാൽ, ഈ നിലയിൽ തുടങ്ങിയ ജീവൽസാഹിത്യപ്രസ്ഥാനം പിന്നീടു് പുരോഗമനസാഹിത്യ പ്രസ്ഥാനമായി വളർന്നു; തൊഴിലാളിവർഗത്തിന്റെ നിലപാടോ ശാസ്ത്രീയസോഷ്യലിസത്തിന്റെ ബോധമോ ഇല്ലാത്ത നിരവധി ജനാധിപത്യ സാഹിത്യകാരന്മാർ കമ്യൂണിസ്റ്റു് സാഹിത്യകാരന്മാരുമായി സഹകരിക്കാൻ ഈ ഘട്ടത്തിൽ തയ്യാറായി.

പക്ഷെ 1947—48-ൽ സ്ഥിതിഗതികൾ മാറി ഭരണാധികാരം ബൂർഷ്വാസിയുടെ കയ്യിലേക്കു പകർന്നതിനെത്തുടർന്നു, അതേവരെ രാഷ്ട്രീയത്തിലോ സാഹിത്യത്തിലോ കമ്യൂണിസ്റ്റുകാരുമായി സഹകരിച്ചിരുന്ന നിരവധി ജനാധിപത്യവാദികൾ പലവിധ വ്യാമോഹങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും ഇരയായി.

കമ്യൂണിസ്റ്റ് വിരോധത്തിൻെറതായ ഒരന്തരീക്ഷം രാഷ്ട്രീയത്തിലും സാഹിത്യത്തിലും പ്രതിഫലിച്ചു. സ്വാഭാവികമായി രണ്ടു് രംഗത്തും കമ്യൂണിസ്റ്റുകാർ തിരിച്ചടിച്ചു. സംഘർഷാവസ്ഥയും ഏറ്റുമുട്ടലുകളും വ്യാപകമായി.

രാഷ്ട്രീയത്തിലായാലും സാഹിത്യത്തിലായാലും, അനിവാര്യമായ ഒരു സംഘട്ടനമായിരുന്നു ഇതു്. എന്തുകൊണ്ടെന്നാൽ, തൊഴിലാളിവർഗത്തിൻെറ നിലപാടു് ബോധപൂർവ്വം അംഗീകരിക്കാത്ത ജനാധിപത്യവാദികൾ താല്കാലികമായി ബൂർഷ്വാ ചേരിയിൽ അണിനിരക്കുന്നൊരു സാഹചര്യമാണു് 1947 ആഗസ്റ്റ് 15 സൃഷ്ടിച്ചതു്. അതു രാഷ്ട്രീയത്തിലും സാഹിത്യത്തിലും പ്രതിഫലിച്ചു.

ഈ സ്ഥിതിവിശേഷം നേരിടുന്നതിൽ കമ്യൂണിസ്റ്റുപാർട്ടി മറുകണ്ടംചാടിയോ, അതിൻെറ നയം സെക്ടേറിയനായിപ്പോയോ എന്ന ചോദ്യം തീർച്ചയായും പ്രസക്തമാണു്. പക്ഷെ ഒരു മറുചോദ്യമുണ്ടു്: സെക്ടേറിയനിസത്തിൻെറ കണികപോലുമില്ലാതെ തികച്ചും ശരിയായ ഒരു നയം കമ്യൂണിസ്റ്റുപാർട്ടി അംഗീകരിച്ചിരുന്നുവെങ്കിൽപ്പോലും സാഹിത്യത്തിലോ രാഷ്ട്രീയത്തിലോ സംഘട്ടനങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നുവോ? ഇല്ല. എന്തുകൊണ്ടെന്നാൽ തൊഴിലാളിവർഗത്തിൻെറ പ്രാതിനിധ്യം വഹിക്കുന്നവരും മററു ജനാധിപത്യവാദികളും തമ്മിൽ സംഘ

ട്ടനം അനിവാര്യമായ ഒരു പുതിയ വർഗബന്ധം ആഗസ്റ്റ് 15 നെത്തുടർന്ന് രൂപംകൊണ്ടിരുന്നു.

ഇങ്ങിനെ വർഗവിശകലനത്തിന്റെ അടിസ്ഥാനത്തിൽ വസ്തുതകൾ പരിശോധിച്ചു വിലയിരുത്തുന്നതിന്നുപകരം 1948-ൽ പുരോഗമന സാഹിത്യം തകർന്നു വല്ലോ എന്ന് വിലപിക്കുക, ആ "അത്യാഹിത' ത്തിന്നു ഉത്തരവാദിത്വം വഹിക്കേണ്ടതു "കമ്യൂണിസ്റ്റ് പാർട്ടിയുടെ സെക്ടേരിയൻ നയ"മാണെന്നു വാദിക്കുക—ഇതാണു റിവിഷനിസം ചെയ്യുത്. ഇതാകട്ടേ, സാഹിത്യത്തിലെന്നപോലെ രാഷ്ട്രീയത്തിലും പ്രതിഫലിക്കുകയും ചെയ്യു. ബൂർഷ്വാ പാർലിയമെണ്ടറിസത്തിൽ തുടങ്ങി കോൺഗ്രസുമായി ചേർന്നു കൊണ്ടുള്ള കൂട്ടുകക്ഷി ഭരണത്തിൽ ചെന്നെത്തിയ റിവിഷനിസ്റ്റ് രാഷ്ട്രീയം സാഹിത്യത്തിലും വർഗബോധത്തെ "സെക്ടേരിയ" നെന്ന പേരിൽ വർജ്ജിച്ചു.

ഫലമോ? ജീവൽസാഹിത്യത്തിന്റെ ഉത്ഭവം മുതൽക്കു എല്ലാ പുരോഗമനസാഹിത്യകാരന്മാരുടേയും എതിർപ്പിന്നിരയായിരുന്ന "കല കലക്കുവേണ്ടി" എന്ന വാദം പുതിയ രൂപത്തിൽ കമ്യൂണിസ്റ്റ്കാരുടെ ഇടയിൽപ്പോലും തലയുയർത്തി. പാർട്ടിയുടെ "പട്ടാളച്ചിട്ട"ക്കെതിരായി മുമ്പ് എതിരാളികൾ നടത്തിയ ആരോപണം കമ്യൂണിസ്റ്റ് സാഹിത്യകാരന്മാരും നടത്തി. ഇതിന്റെ സമ്മർദ്ദത്തിന്നിരയായ പാർട്ടി

നേതൃത്വമാകട്ടെ സാഹിത്യരംഗത്തെ ആശയസമരത്തിൽനിന്ന തികച്ചും പിന്മാറി.

ഇതിൽനിന്നു നാമെടുക്കേണ്ട മുഖ്യ നിഗമനം വ്യക്തമാണ്: സാഹിത്യാദികലകളുടെ രംഗത്തു പ്രവത്തിക്കുന്ന സൌന്ദര്യശാസ്ത്രത്തിന്നും രാഷ്ട്രീയരംഗത്തു പ്രവത്തിക്കുന്ന രാഷ്ട്രമീമാംസക്കും അതാതിന്റേതായ സവിശേഷ ശില്പങ്ങളുണ്ടെങ്കിലും, രണ്ടിനേയും ഒരുപോലെ ബാധിക്കുന്ന ചില സാമൂഹ്യ നിയമങ്ങളുണ്ട്; അവയിൽ പ്രധാനമായതാണ് വർഗസമരത്തിന്റെ നിയമം.

ഭരണാധികാരിവർഗത്തിന്റെ ഒരു എക്സിക്യൂട്ടീവു കമ്മററിയാണു ഭരണകൂടമെങ്കിൽ, അതേ വർഗത്തിന്റെ ആശയരംഗത്തെ ചൂഷണോപകരണമാണ് ഭരണവർഗത്തിന്റെ സാഹിത്യം. രാഷ്ട്രീയരംഗത്തു് ചൂഷകവർഗത്തിന്റെ ഭരണകൂടത്തിന്നെതിരായി സ്വയം സംഘടിച്ചു പോരാടുകയും ഭരണവ്യവസ്ഥക്കകത്തു കിട്ടുന്ന എല്ലാ മാർഗങ്ങളും ശത്രുവർഗത്തിന്നെതിരായി ഉപയോഗിക്കുകയും ചെയ്യുന്നതുപോലെ സാംസ്കാരികരംഗത്തും ശത്രുവർഗത്തിന്റെ കലാ-സാഹിത്യ കൃതികൾക്കെതിരായി സ്വന്തം കൃതികൾ രചിക്കാൻ തൊഴിലാളിവർഗം തയ്യാറാവണം.

ഇതാണു സഖാവ് ദേവദാസ് വിശദീകരിച്ചതും, ആക്ഷേപം എതിർപ്പില്ലെന്നു പറയപ്പെടുന്നതുമായ മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ അത്ഥം.

ഇതിന്റെ അടിസ്ഥാനത്തിലാണു് "അത്യാധുനികത"യെ നാം പരിശോധിക്കേണ്ടതു്. എന്നുവെച്ചാൽ, അത്യാധുനികരുടെ കൃതികൾ വിപ്ലവപ്രസ്ഥാനത്തെ വളർത്താനോ തളർത്താനോ പ്രയോജനപ്പെടുന്നതു്—ഇതാണു് പ്രശ്നം.

ഉത്തരം വ്യക്തമാണു്: സോഷ്യലിസത്തിന്റെയും മനുഷ്യസമൂഹത്തിന്റെയും ഭാവിയിൽ നമുക്കുണ്ടാവേണ്ട ശുഭപ്രതീക്ഷ തകർക്കുകയാണു അത്യാധുനികതയുടെ ഉള്ളടക്കം. ഈ അർത്ഥത്തിൽ ഇടപ്പള്ളി കവിതകളുടെ വിഷാദാത്മകത്വത്തെക്കാൾ ആപൽക്കാരിയാണു് ഇന്നത്തെ അത്യാധുനികരുടെ മോഹഭംഗം. എന്തുകൊണ്ടെന്നാൽ, വിഷാദാത്മകത്വത്തിന്റെ ചട്ടക്കൂടിനകത്തുനിന്നുകൊണ്ടാണെങ്കിലും ക്രിയാത്മകമായ എതിർപ്പിന്റെ ചില അംശങ്ങളും ഇടപ്പള്ളികവിതകളിലുണ്ടായിരുന്നു. അതുപോലുമില്ലാത്തതാണു് അത്യാധുനികരുടെ മോഹഭംഗം.

പക്ഷെ, സോഷ്യലിസ്റ്റ് ബോധത്തോടെ തൊഴിലാളിവർഗത്തിന്റേതായ സാഹിത്യകൃതികൾ നിർമ്മിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കാനും, രാഷ്ട്രീയരംഗത്തെ ബഹുജന വിപ്ലവപ്രസ്ഥാനം പതിന്മടങ്ങു ശക്തിപ്പെടുത്താനും കഴിഞ്ഞാൽ, മോഹഭംഗപ്രസ്ഥാനത്തിന്റെ വക്താക്കളായ അത്യാധുനികരിൽ കുറേപ്പേരെയെങ്കിലും രക്ഷപ്പെടുത്താൻ—മോഹഭംഗത്തിൽ നിന്നും വ്യർത്ഥതാവാദത്തിൽനിന്നും ബോധപൂർവ്വം പ്രവർത്തിക്കുന്ന വിപ്ലവ വീക്ഷണത്തിലേക്കു അവരെ

ഉയർത്താൻ—നമുക്കു കഴിയില്ലേ ? കഴിയുമെന്നാണെന്റെ വിശ്വാസം.

അത്യാധുനികർക്കെതിരായി ഉന്നയിക്കപ്പെട്ടു കേൾക്കാറുള്ള "ദുർഗ്രഹത" എന്ന ആരോപണം സംബന്ധിച്ചും ഒരു വാക്കു്! ദുർഗ്രഹമായതു മുഴുവൻ തെറ്റാണെന്ന നിലപാടെടുക്കാൻവയ്യ കൂടാതെ, അവർ പ്രചരിപ്പിക്കുന്ന വ്യർത്ഥതാവാദവും മോഹഭംഗവും ദുർഗ്രഹമായിരുന്നുവെങ്കിൽ അതിൽനിന്നു യാതൊരാപത്തും ഉണ്ടാകുമായിരുന്നില്ല. ആപൽക്കരമായ ഈ വീക്ഷണം ആളുകളുടെ ഉള്ളിൽ പതിയത്തക്ക കലാശില്പത്തോടെ അവതരിപ്പിക്കുന്നുവെന്നതാണു് അത്യാധുനികതയുടെ ആപൽക്കാരിത.

അത്യാധുനിക കൃതികൾ അശ്ലീലമാണെന്ന വാദവും അതിനെതിരായി കാര്യമായി പറയേണ്ടതല്ല. അശ്ലീലമെന്നു തോന്നിക്കുന്ന ചില പ്രതിപാദനങ്ങൾ സന്ദർഭാനുസാരം പ്രയോഗിക്കുന്ന ചില കൃതികൾ പുരോഗമനസാഹിത്യകാരന്മാരും രചിച്ചേക്കാം, അതല്ല പ്രശ്നം; കൃതിയുടെ മൊത്തത്തിലുള്ള ഫലം വിപ്ലവപ്രസ്ഥാനത്തെ സഹായിക്കലാണോ എന്നതാണു്. അതിനെ സഹായിക്കുന്നതരത്തിൽ അശ്ലീലമെന്നു തോന്നിക്കുന്ന ചില പ്രതിപാദനങ്ങളുണ്ടാവുകയാണെങ്കിൽ അതിനെ നമുക്കു കുറ്റപ്പെടുത്താൻ വയ്യ.

അത്യാധുനികതയുടേതടക്കം എന്തു പ്രശ്നം പരിശോധിക്കുമ്പോഴും നാമോർക്കേണ്ട ഒരു തത്വമുണ്ടു്.

"ഇതേവരെയുള്ള ദാർശനികന്മാർ മുഴുവൻ പ്രപഞ്ചത്തെ പല തരത്തിലും വ്യാഖ്യാനിക്കുകയാണു് ചെയ്തിട്ടുള്ളത്; നമുക്കാവശ്യമുള്ളത് പ്രപഞ്ചത്തെ മാററിതീക്കലാണു്." (മാർക്സ്) പ്രപഞ്ചത്തെ മാററിതീക്കുന്നതിൽ—നിലവിലുള്ള സാമൂഹ്യവ്യവസ്ഥയെ വിപ്ലവകരമായി മാററിത്തീക്കുന്നതിൽ—പ്രധാനമായ പങ്കുള്ള ആശയമേൽപ്പുരയുടെ ഭാഗമാണു് രാഷ്ട്രീയവും സാഹിത്യവും.

ഈ യാഥാർത്ഥ്യം ഉന്നിപ്പറയുന്നതിന്നുവേണ്ടിയാണു സ: ദേവദാസിൻെറ പ്രബന്ധത്തിൽ അടിത്തറ-മേൽപ്പുര ബന്ധം സംബന്ധിച്ച മാർക്സിസ്റ്റ് സിദ്ധാന്തം വിശദീകരിച്ചതു്. അതിനോടു് വാക്കാൽ എതിർപ്പു് പ്രകടിപ്പിക്കുന്നുണ്ടോ, അതോ ആ സിദ്ധാന്തം ഒരു മന്ത്രംപോലെ ഉരുവിടുന്നുണ്ടോ എന്നതല്ല പ്രശ്നം; ആ സിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങളോരോന്നും പരിശോധിക്കുന്നുണ്ടോ എന്നതാണു്.

മാക്സിസ്റ്റ് സമീപനം അംഗീകരിക്കുന്ന ഒരാൾക്കും രാഷ്ട്രീയമടക്കമുള്ള ആശയമേൽപുരയുടെ ഭാഗമായല്ലാതെ സാഹിത്യത്തെ വിലയിരുത്താൻ കഴിയില്ല. അപ്പോൾ, മാർക്സിസ്റ്റുകാരനായ ഒരു സാഹിത്യകാരന്നു് തൻെറ കടമ നിർവ്വഹിക്കാൻ കഴിയണമെങ്കിൽ, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സയൻസിൻെറ സഹായത്തോടെ, ഭൗതികമായ അടിത്തറയുടെയും ആശയപര

മായ മേൽപുരയുടെയും വിവിധ വശങ്ങൾ സൂക്ഷ്മമായി പഠിക്കാൻ അയാൾക്ക കഴിയണം.

ഇതാകട്ടെ, പുസ്തകങ്ങളിൽ നിന്നുമാത്രം കിട്ടുകയു മില്ല. പ്രപഞ്ചത്തെ മാററി തീക്കുന്നതിൽ മുഖ്യഘടക മായി പ്രവർത്തിക്കുന്ന അദ്ധ്വാനിക്കുന്ന ബഹുജനങ്ങ ളിൽ നിന്നു്—അവരുടെ നിത്യജീവിതത്തിൽ നിന്നും ദൈനംദിന സമരങ്ങളിൽ നിന്നും—കൂടി പഠിക്കാൻ അയാൾ തയ്യാറാവണം, ഇതിനു സഹായിക്കുന്നതാണു് പ്രായോഗിക രാഷ്ട്രീയ പ്രവത്തനമെന്നതിനാൽ സാഹി ത്യകാരൻ സജീവരാഷ്ട്രീയപ്രവത്തകൻ കൂടിയാവുന്നതു അയാളുടെ സാഹിത്യസംരംഭങ്ങളെ സഹായിക്കുകയാ ണു് ചെയ്യുക,

അതേസമയത്തു്, സജീവ രാഷ്ട്രീയ പ്രവത്തന ത്തിൽ പങ്കുകൊള്ളാത്തവരും, സാമൂഹ്യ ഘടനയിൽ വിപ്ലവകരമായ മാററങ്ങൾ വരുത്തണമെന്ന ബോധപൂ ർവ്വമായ ഉദ്ദേശംപോലുമില്ലാത്തവരും, പുരോഗമനസാ ഹിത്യകാരന്മാരുടെ ഇടയിൽ ധാരാളമുണ്ടു്. തൊഴി ലാളിവർഗ്ഗവീക്ഷണമില്ലെങ്കിലും പ്രാഥമികമായ ജനാ ധിപത്യബോധം, മനുഷ്യസ്നേഹം, സമത്വസുന്ദരമായ ഒരു ലോകത്തെ കുറിച്ചു് സ്വപ്നം കാണാനുള്ള പ്രവ ണത—ഇതെല്ലാം അവക്കുണ്ടു്.

ഇത്തരക്കാരുടെ സാഹിത്യസംരംഭം—അതിൽ പല പോരായ്മകളും, ദൌർബ്ബല്യങ്ങളും ഉണ്ടെന്നിരു ന്നാലും—തൊഴിലാളിവർഗ്ഗ നേതൃത്വത്തിലുള്ള വിപ്ലവ

പ്രസ്ഥാനത്തെ സഹായിക്കും. ബൽസാക്കിനെ കുറിച്ചു മാർക്സും ടോൾസ്റ്റോയിയെ കുറിച്ചു ലെനിനും നടത്തിയ ആസ്വാദനത്തിന്റെ അടിയിൽ കിടക്കുന്ന തത്വം ഇതാണ്.

അതായത്, തൊഴിലാളി വർഗ്ഗവീക്ഷണത്തോടെയോ ബോധപൂർവ്വം നടത്തുന്ന വിപ്ലവ പ്രവർത്തനത്തിന്റെ ഭാഗമായോ അല്ലാതെയാണെങ്കിലും, സാമൂഹ്യപരിവർത്തനത്തെ ഒരതിരുവരെ സഹായിക്കുന്ന കൃതികൾ രചിക്കുന്ന പുരോഗമന സാഹിത്യകാരന്മാരുണ്ട്. അവരുടെ നേരെ സ്നേഹബഹുമാനങ്ങളോടുകൂടിയും സഹകരണാത്മകമായും പ്രവർത്തിക്കാൻ നമുക്ക് കടമയുണ്ട്. അതോടൊപ്പം, ഈ സുഹൃത്തുക്കളുടെ വീക്ഷണത്തിലുള്ള കുറവുകളും ദൗർബ്ബല്യങ്ങളും സാഹോദര്യ ബുദ്ധിയോടെയാണെങ്കിലും ഉള്ളുതുറന്നു വിമർശിക്കുന്നതും നമ്മുടെ അനിവാര്യ കടമയാണ്. ഇതുരണ്ടും ചേർന്നതാണ് സാഹിത്യത്തിലെ ഐക്യമുന്നണി.

ഈ രണ്ടു കടമകളും നിറവേറുന്നതിന്നു ഒരു മുഖ്യ ഉപാധിയുണ്ട്. മറ്റു പുരോഗമനസാഹിത്യകാരന്മാരുടെ നിലവാരത്തിലേക്ക് സ്വയം താഴാതെ, തൊഴിലാളിവർഗ്ഗ സാഹിത്യകാരന്മാരുടെ നിലവാരത്തിലേക്ക് ഉയരാൻ നമ്മുടെ സാഹിത്യകാരന്മാർ ബോധപൂർവ്വം ശ്രമിക്കണം.

എന്നുവെച്ചാൽ, മാർക്സിസ്റ്റ്—ലെനിനിസ്റ്റ്സയൻസിൽ തങ്ങൾക്കുള്ള അറിവു വർദ്ധിപ്പിക്കുക; ബഹുജന

പ്രസ്ഥാനത്തിന്റേയും ജനാധിപത്യ രാഷ്ട്രീയത്തിന്റേയും ദൈനംദിനപ്രവൎത്തനത്തിൽ സജീവമായിപങ്കുകൊള്ളുക: ഇതുരണ്ടിന്നും ഒഴിക്കാൻ വയ്യാത്ത ഉപാധി എന്ന നിലക്കു് ഏതെങ്കിലും ഒരു ബഹുജനസംഘടനയുടെയും പാർട്ടിയുടെയും അച്ചടക്കത്തിനു സ്വയം കീഴ്പ്പെടുത്തുക—ഇതെല്ലാം ചെയ്യാൻ കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർ തയ്യാറാവണം. ഇതു അവരും മററുപുരോഗമന സാഹികാരന്മാരും തമ്മിൽ ഐക്യം വളർത്താനാണു്, തകൎക്കാനല്ല സഹായിക്കുക.

ഇത്രയും പറഞ്ഞതു് സാഹിത്യകൃതികളുടെ ഉള്ളടക്കത്തെ കുറിച്ചാണു്. എന്നാൽ ഉള്ളടക്കം നന്നായതുകൊണ്ടുമാത്രം ഒരു സാഹിത്യകൃതി നന്നാവുകയോ അതിന്നു ജനങ്ങളിൽ നിന്നു അംഗീകാരം കിട്ടുകയോ ഇല്ല. ഭദ്രമായ രൂപത്തിന്നു് ഉള്ളടക്കത്തെ കീഴ്പ്പെടുത്തുന്നതുപോലെതന്നെ, രൂപം ഭദ്രമാകണമെന്ന അഭിപ്രായത്തെ പിന്തിരിപ്പനായി തള്ളുന്നതും തെററാണു്. അതുകൊണ്ടു് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സയൻസിലെന്നപോലെ സൗന്ദര്യ ശാസ്ത്രതത്വങ്ങൾ, ശുദ്ധവും ലളിതവുമായ ഭാഷ, ഓജസ്സുള്ള ശൈലി മുതലായി രൂപംഭദ്രമാക്കാനാവശ്യമായ മറെറല്ലാററിലും നമ്മുടെ സാഹിത്യകാരന്മാർ ശ്രദ്ധിക്കണം; അതിലെല്ലാം അവർ വൈദഗ്ദ്ധ്യം നേടണം.

അതേ സമയത്തു്, സൗന്ദൎയ്യശാസ്ത്രത്തെയോ വ്യാകരണാദി ഭാഷാ ശാസ്ത്രശാഖകളേയോ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തങ്ങൾക്കതീതമായ വിജ്ഞാനശാഖക

ളായി കണക്കാക്കുന്നതു് അബദ്ധമായിരിക്കും. അടിത്തറയിൽ വരുന്ന മാററങ്ങൾക്കൊത്തു മാറുന്ന മേൽപുരയുടെ ഭാഗങ്ങളാണു് സൌന്ദര്യശാസ്ത്രവും ഭാഷാശാസ്ത്രവും. അതുകൊണ്ടു, സാഹിത്യത്തിന്റെ ഉള്ളടക്കത്തിൽനിന്നു് അതിന്റെ രൂപം സംബന്ധിച്ച ഈ ശാസ്ത്രങ്ങളെ പൂർണ്ണമായി വേർതിരിച്ചു നിർത്താനാവില്ല. ഉള്ളടക്കം സംബന്ധിച്ച പഠനത്തിന്നുപയോഗിക്കുന്ന അതേ മാർക്സിസ്റ്റ്—ലെനിനിസ്റ്റ്ശാസ്ത്രീയ പരിശോധനാമാർഗ്ഗം സാഹിത്യ രൂപത്തിന്റെ കാര്യത്തിലും ഉപയോഗിക്കണമെന്നർത്ഥം.

ഈയടിസ്ഥാനത്തിൽ നമ്മുടെ സാഹിത്യകാരന്മാർ നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതുമായ സാഹിത്യസംരംഭങ്ങൾ പരിശോധിക്കുമ്പോൾ തോന്നുന്ന ഒരഭിപ്രായം ഇവിടെ രേഖപ്പെടുത്തട്ടെ.

സൌന്ദര്യ ശാസ്ത്രസിദ്ധാന്തമനുസരിച്ചു നോക്കിയാൽ ഉൽകൃഷ്ടമാണെന്നു് എതിരാളികൾ പോലും സമ്മതിക്കുന്ന കൃതികളാണു് തോപ്പിൽ ഭാസിയുടെ നാടകങ്ങൾ. എന്നാൽ, അവയിലെല്ലാം തന്നെ കമ്യൂണിസ്റ്റുകാരോ കമ്യൂണിസ്റ്റ് നേതാക്കളോ ആയ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ നാടക കർത്താവു് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു.

അതേയവസരത്തിൽ, ഉൽകൃഷ്ടകൃതി എന്നു് വാഴ്ത്തപ്പെടാത്ത ചെറുകാടിന്റെ "നമ്മളൊന്നു്" എന്ന

നാടകത്തിലെ അവറാനും ശിഷ്യന്മാരും ഓജസ്സുള്ള കമ്യൂണിസ്റ്റ്കാരായി നിലകൊള്ളുന്നുമുണ്ട്.

ഈ വ്യത്യാസത്തിനുള്ള കാരണമെന്തു? ഭാസിയും ചെറുകാട്ടും കമ്യൂണിസ്റ്റ്കാരായ പാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ അംഗീകരിക്കുന്ന സമീപനങ്ങളിലെ വ്യത്യാസം ഇവിടെ ശ്രദ്ധേയമാണ്.

കമ്യൂണിസ്റ്റ്കാരല്ലാത്ത പാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ ഭാസി കൂടുതൽ തന്മയത്വം കാണിക്കുന്നു. അക്കാര്യത്തിൽ യഥാർത്ഥ സാമൂഹ്യജീവിതവും ഭാസിയുടെ സാഹിത്യരചനയും തമ്മിൽ തികച്ചും 'പൊരുത്തപ്പെട്ടിരിക്കുന്നു. തകരുന്ന ഫ്യൂഡൽ സമൂഹം ഉയരുന്ന കർഷക ജനത—ഇതുരണ്ടും സത്യസന്ധമായി ചിത്രീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരിക്കുന്നു,

പക്ഷെ സമൂഹത്തിൻെറ സത്യസന്ധമായ ഈ ചിത്രവും ഭാസി സൃഷ്ടിക്കുന്ന കമ്യൂണിസ്റ്റ് കഥാപാത്രങ്ങളും തമ്മിൽ ഒരു പൊരുത്തവുമില്ല. കമ്യൂണിസ്റ്റ്കാരായ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്ന ഭാസി അയഥാർത്ഥമായ ഭാവനാലോകത്തിലാണ് ജീവിച്ചിരുന്നതെന്നർത്ഥം. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ വളർച്ചയെ സത്യസന്ധമായി പഠിച്ച്, അതിൽ നിന്നും ജീവിക്കുന്ന കഥാപാത്രങ്ങളെ സൃഷ്ടിക്കാനല്ല, നാലാം കിട നാടകങ്ങളിലെ ത്രികോണ പ്രേമകഥകൾ എടുത്തു അവയിലെ കഥാനായകന്മാരെക്കൊണ്ട് വിരസ സംഭാഷണം നടത്തിച്ച അവരെ "കമ്യൂണിസ്റ്റ്"കാരാക്കുകയാണദ്ദേഹം ചെയ്യുന്നതു്.

ചെറുകാടാകട്ടെ, താൻ ചിത്രീകരിക്കുന്ന സമൂഹത്തിന്റെ ഭാഗമായേ കമ്യൂണിസ്റ്റ് കഥാപാത്രങ്ങളെ കാണുന്നുള്ളു. അതുകൊണ്ട് കമ്യൂണിസ്റ്റ് കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ അദ്ദേഹം ഭാസിയേക്കാൾ വിജയിച്ചു സൌന്ദര്യശാസ്ത്രത്തിന്റെ കാര്യത്തിൽ കുറേക്കൂടി ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഭാസി മെച്ചപ്പെട്ടു നിൽക്കുന്ന ഭാഗത്തുകൂടി ചെറുകാടിന്നു് മെച്ചപ്പെടാൻ കഴിയുമായിരുന്നില്ലേ?

ഉള്ളടക്കത്തിന്റെ കാര്യത്തിലെന്നപോലെതന്നെ രൂപത്തിന്റെ കാര്യത്തിലും, അടിത്തറ മേൽപ്പുര ബന്ധം സംബന്ധിച്ച മാർക്സിസ്റ്റ് സിദ്ധാന്തം പ്രസക്തമാണെന്നു് ഊന്നിപ്പറയാനാണു് ഈ ഉദാഹരണം ചൂണ്ടിക്കാണിച്ചതു്.

സാഹിത്യരചനയും നിരൂപണവും സംബന്ധിച്ച ആശയപ്രശ്നങ്ങളുടെ പ്രാധാന്യം ഇവിടേയും, ഇതിനു മുമ്പു് "ദേശാഭിമാനി" വാരികയിലും, മറ്റുപല കേന്ദ്രങ്ങളിലും നടന്ന ചർച്ചകൾ വ്യക്തമാക്കുന്നു. ഇതിലൂടെ പൊന്തിവന്ന മുഖ്യപ്രശ്നങ്ങൾ വൻതോതിൽ ചർച്ചചെയ്യപ്പെടുകയാണു് ഇന്നത്തെ അടിയന്തരാവശ്യം. ആ ചർച്ചകഴിഞ്ഞു് നമ്മുടെ അഭിപ്രായങ്ങൾ വ്യക്തമായി രൂപംകൊള്ളുന്നതുവരെ മാർക്സിസ്റ്റ് സാഹിത്യകാരന്മാർക്കു് പ്രത്യേകമായോ പുരോഗമന സാഹിത്യകാരന്മാർക്കു് പൊതുവിലോ ഒരു സംഘടനയുണ്ടാക്കാൻ ശ്രമിക്കുന്നതു് ബുദ്ധിപൂർവ്വമായിരിക്കില്ല. ഇന്നു നട

ത്തേണ്ട പച്ച്യസ്ഥാണങ്ങിൽ നിലവിലുള്ള നിരവധികലാ സാംസ്കാരിക സംഘടനകൾ പ്രയോജനപ്പെടുകയും ചെയ്യും.

---

PC Library & Research Centre